# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി/592/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3.കാര്യാലയ പകർപ്പ്.

നമ്പർ: കെ .എസ്.എ/എ.എൽ.പി.ബി.പി/592/2022 തീയ്യതി: 15/07/2022

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 09-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ,ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 21-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-05-2022 | 21-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജയകൃഷ്ണ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എം.ജുനൈദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി(സെക്രട്ടറി, എ.എക്സ്.ഇ, എ.ഡി.എ)) | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.ഷീബ രാകേഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.വി.ജെ.ജോസഫ് | സെക്രട്ടറി | 01-04-2020 | 28-01-2021 |
| ശ്രീ.ഷിനോദ്.പി.ആർ | സെക്രട്ടറി | 04-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരുൺ.ജെ.രഞ്ജ് | അസി.എക്സി.എഞ്ചിനീയർ | 01-04-2020 | 14-05-2020 |
| അമൃത.എൽ | അസി.എക്സി.എഞ്ചിനീയർ | 15-05-2020 | 05-01-2021 |
| സഞ്ജു.പി.നായർ | അസി.എക്സി.എഞ്ചിനീയർ | 06-01-2021 | 31-03-2021 |
| നിധിൻ.കെ.എം | അസി.എഞ്ചിനീയർ | 01-04-2020 | 03-01-2021 |
| ഷാരോൺ സുധാകരൻ | അസി.എഞ്ചിനീയർ | 04-01-2021 | 04-03-2021 |
| നിധിൻ.കെ.എം | അസി.എഞ്ചിനീയർ | 05-03-2020 | 31-03-2021 |
| സബിത.വി.എച്ച് | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| മിനി.ആർ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഷബീന.എച്ച് | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |
| ഡോ.കാരൾ പിൻഹെയ്റോ | അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഷക്കീല.കെ | സി.ഡി.പി.ഒ | 01-04-2020 | 08-09-2020 |
| രേഖ.കെ | സി.ഡി.പി.ഒ | 09-09-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 21-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 21-05-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 23-05-2022) | 1-7 |
| 9 | ഇ-ടെന്റർ ഫീസ്<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 23-05-2022) | 1-8 |
| 10 | ഡിസ്പോസ്ഡ് ചെയ്ത സാധനങ്ങളുടെ വില മുതൽക്കൂട്ടിയില്ല<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-9 |
| 11 | രസീത് പരിശോധന – ജി.എസ്.ടി. സർക്കാരിലേക്ക് അടവാക്കിയ വിവരം അറിയിച്ചിട്ടില്ല<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-10 |
| 12 | പണം അടവാക്കൽ - പിൻവലിക്കൽ പരിശോധന - ക്യാൻസൽഡ് ചെക്കിന്റെ തുക ട്രഷറി അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തിരിക്കുന്നു<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-11 |
| 13 | പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-12 |
| 14 | MGNREGS ന വേണ്ടി ടാക്സി കാർ വാടക നല്കിയത്<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-13 |
| 15 | അപകടത്തിൽപ്പെട്ട വാഹനം റിപ്പയർ ചെയ്തതിന് തുക അനുവദിച്ചത് സംബന്ധിച്ച്<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-14 |
| 16 | പഞ്ചായത്ത് ഓഫീസ് വൃത്തിയാക്കിയതിന് വേതനം നല്കിയത് | 1-15 |

| | | |
|---|---|---|
| | Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | |
| 17 | മെഡിക്കൽ ഓഫീസർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ (UHTC), അമ്പലപ്പുഴ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-16 |
| 18 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -സ്രോതസ്സിൽ നിന്നും നികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-07-2022) | 1-17 |
| 19 | പ്രോജക്ട് നം. 81/20-21- ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 1-18 |
| 20 | 8 കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് ഡ്രൈവർമാർക്ക് റ്റി.എ. നല്കിയത്<br>Written By: Siji (Auditor, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 11-07-2022) | 1-19 |
| 21 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 1-20 |
| 22 | അപകട രഹിത-മാലിന്യ രഹിത അമ്പലപ്പുഴ പ്രോജക്ട് അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 1-21 |
| 23 | സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 1-22 |
| 24 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 1-23 |
| 25 | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം - പൊതു സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പകരം വ്യക്തിഗതമായ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 1-24 |
| 26 | കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-07-2022) | 1-25 |
| 27 | ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 11-07-2022) | 1-26 |
| 28 | ആദായ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 11-07-2022) | 1-27 |
| 29 | പി.എച്ച്.സി-കളിലെ കോവിഡ് രോഗികൾക്കായി പൾസ് ഓക്സി മീറ്റർ പ്രോജക്ട് സംബന്ധിച്ച്<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 11-07-2022) | 1-28 |

| | | |
|---|---|---|
| 30 | കോവിഡ് 19ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് വാട്ടർപ്യൂരിഫയറും അനുബന്ധ സാധനങ്ങളും അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 11-07-2022) | 1-29 |
| 31 | ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം-അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 1-30 |
| 32 | പി.എം.എ.വൈ ജനറൽ-ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Jayakrishna R (Asst. Audit Officer, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 1-31 |
| | ഭാഗം **2** | |
| 1 | ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ വില മുതൽക്കൂട്ടിയില്ല<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 2-1 |
| | ഭാഗം **3** | |
| 1 | പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Siji (Auditor, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 3-1 |
| 2 | MGNREGS നു വേണ്ടി ടാക്സി കാർ വാടക നല്കിയത്<br>Written By: Siji (Auditor, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 3-2 |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -സ്രോതസ്സിൽ നിന്നും നികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 21-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 3-3 |
| 4 | ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല- നഷ്ടം 1967/-രൂപ<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 3-4 |
| 5 | കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെ തുക അനുവദിച്ചു നഷ്ടം -25785/- രൂപ<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 3-5 |
| 6 | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം - അധികം ചെലവഴിച്ചത് 95075/-<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 3-6 |
| 7 | സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 3-7 |
| 8 | ആദായ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: S.Suresh (Audit Officer (HG), On 23-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 3-8 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 12-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 20-05-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakrishna R (Asst. Audit Officer, On 20-05-2022)<br>Last Updated By: S.Suresh (Audit Officer (HG), On 15-07-2022) | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

22.2.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 447493000 | 446489600 |
| വാർഷിക കണക്ക് പ്രകാരം | 50218556 | 51036467 |

23.02.2021-ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2020 | 13.07.2020 |

## 1-2-1 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-

1.വികസഫണ്ട്(ജനറൽ)ഇനത്തിലെ ചെലവ്, വാർഷിക കണക്ക്(ആർ.പി7), എ.സി.ആർ എന്നിവ പ്രകാരം 23267393/-രൂപയാണ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 22700414/-രൂപയുമാണ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്പിൽ ഓവർ തുക ഉൾപ്പെട്ടുവന്നിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്.

2.ഡെപ്പോസിറ്റ് നീക്കിയിരിപ്പ് സംബന്ധിച്ച (ബി7 ഷെഡ്യൂളിലെ) വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററോ(ഡെപ്പോസിറ്റ് രജിസ്റ്റർ) ഹാജരാക്കിയിട്ടില്ല.

3.ബി9 ഷെഡ്യൂളിൽ വാല്യൂ ആഡഡ് ടാക്സ് (VAT)ഇനത്തിൽ ബാധ്യതയായി ഒരേ തുക(6735/-) വർഷങ്ങളായി തുടരുന്നു. ജി.എസ്.ടി-യുടെ വരവോടെ അപ്രസക്തമായിട്ടുള്ളതിനാൽ ടി ബാധ്യത ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ്ടതാണ്. ഗവ.ഡ്യൂ ആയി കാണിച്ചിട്ടുള്ള 852/-രൂപയും ഒടുക്കുവരുത്തേണ്ടതാണ്.

4.ആസ്തി സംബന്ധിച്ച (ബി11 ഷെഡ്യൂളിലെ) വിവരങ്ങൾ പരിശോധിക്കാൻ ആവശ്യമായ മൂല്യം ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ/രേഖകൾ ഹാജരാക്കിയിട്ടില്ല.

5.ബി18ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് കണക്കുകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല. തൊഴിലുറപ്പ് വിഭാഗത്തിലേക്ക് നല്കുന്ന മുൻകൂർ വിവരങ്ങൾ മാത്രമാണ് നിലവിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

6.ചുവടെ ചേർക്കുന്ന രസീതുകൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വന്നിട്ടുള്ള വരവുകൾ വാർഷിക കണക്കിൽ പ്രതിഫലിച്ചു കാണുന്നില്ല.

| രസീത് ബുക്ക്/രസീത്/ തീയതി | തുക | ഒടുക്കിയത് | ഓഡിറ്റ് റിപ്പോർട്ട് വർഷം |
|---|---|---|---|
| 76/14/17.6.20 | 4725 | AExE, Lsgd, Ambalappuzha | 2017-18, Local Fund Audit Report |
| 76/15/17.6.20 | 2990 | Do | Do |
| 76/16/17.6.20 | 500 | Kumari Usha Nair | Performance Audit Report 2014-15 |
| 76/19/24.8.20 | 35463 | AExE, Lsgd, Ambalappuzha | 2016-17, Local Fund Audit Report |
| 76/20/24.8.20 | 9000 | Do | Do |

7.കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011- വ്യവസ്ഥ ചെയ്തിട്ടുള്ള പല നിർദ്ദേശങ്ങളും വാർഷികകണക്കിൽ നിലവിൽ പാലിക്കപ്പെടുന്നില്ല. ഉദാഹരണമായി, അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ, എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം നല്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തൽ ഇല്ല. രസീത്& പേമെന്റ് പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം പോലും നൽകിയിട്ടില്ല. വാർഷിക കണക്കിൽ പൊതുവായി കാണപ്പെടുന്ന ടി അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.1/20-21& നം.20/20-21)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21840090 |
| വരവ് | 50218556 |
| ആകെ | 72058646 |
| ചെലവ് | 51036467 |
| നീക്കിയിരിപ്പ് | 21022179 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 24376550 | 24376550 | 23267393 | 1109157 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 5051000 | 5051000 | 4153990 | 897010 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 425000 | 425000 | 394000 | 31000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4728685 | 4728685 | 4029299 | 699386 |
| ധന.കമ്മീഷൻ ഗ്രാന്റ് (യു.ടി) | | 5090000 | 5090000 | 4923245 | 166755 |
| ധന.കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | | 5090000 | 5090000 | 4856721 | 233279 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 70 | 72266043 | 60 | 43672154 | 6 | 10 | 85 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.05.2022-ന് 3.55 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്നവ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1. വൗച്ചറുകൾക്ക് നമ്പർ നൽകി സൂക്ഷിക്കുന്നില്ല.

2.കരാർ ജീവനക്കാരുടെ ഹാജർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

3. വാടക രജിസ്റ്ററിൽ വാടകയുടെ ഡി.സി.ബി.തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8.ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് നിയമാനുസൃതം പരിപാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്

9.ഡ്രൈവർമാർക്ക് യാത്രാപ്പടി നൽകുമ്പോൾ 8 Km എന്ന ദൂരപരിധി പരിശോധിച്ച് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-8 ഇ-ടെന്റർ ഫീസ്

ബ്ലോക്ക് പഞ്ചായത്ത് 2019-20,2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് എൻ.ഐ.സി മുഖേന ഓൺലൈനായി ക്രെഡിറ്റ് വന്ന തുക മുൻവർഷങ്ങളിലേതുൾപ്പെടെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-9 ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ വില മുതൽക്കൂട്ടിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പ്രീമെട്രിക് ഹോസ്റ്റൽ മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0113/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | മെട്രോ അസോസിയേറ്റ്സ് |
| അളവു പുസ്തകം | 9/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 02/17-04-20; 356730/-രൂപ |

മേൽ പ്രവൃത്തിയിൽ റൂഫ് ട്രസ് മാറ്റി പുതിയത് നിർമ്മിച്ചിട്ടുണ്ട്. അസിസ്റ്റൻ എഞ്ചിനീയർ തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് പ്രകാരം ഡിസ്മാന്റിൽ ചെയ്ത പഴയ ഷീറ്റുകളും പർലിനുകൾക്കും കൂടി 7030/- രൂപയുടെ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇത് ലേലം ചെയ്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/20-21) മറുപടി ഹാജരാക്കിയില്ല. എന്നാൽ ഡിസ്മാന്റിൽ ചെയ്ത പഴയ ഷീറ്റുകളും പർലിനുകളും ഹോസ്റ്റൽ വാർഡൻ വിൽപ്പന നടത്തിയെന്നും എന്നാൽ തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലെന്നും ആയത് ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വാക്കാൽ അറിയിക്കുകയുണ്ടായി. തുക ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-10 രസീത് പരിശോധന – ജി.എസ്.ടി. സർക്കാരിലേക്ക് അടവാക്കിയ വിവരം അറിയിച്ചിട്ടില്ല

രസീത് ബുക്ക്നം. 76, രസീത് നം. 10 മുതൽ 32 വരെയുള്ള വിവിധ രസീതുകളിലായി ടെണ്ടർ ഫോം വില്പന നടത്തിയ ഇനത്തിൽ ലഭിച്ച ടെണ്ടർ ഫോം വില തനത് ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. പല രസീതുകളിലും ജി.എസ്.ടി. ഉൾപ്പെടെയുള്ള ആകെ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈടാക്കിയിരിക്കുന്ന ജി.എസ്.ടി. സർക്കാരിലേക്ക് അടവാക്കിയത് സംബന്ധിച്ച് നിരവധിതവണ നേരിട്ട് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. തുക അടവാക്കിയതിന്റെ വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കും(നം. 22/20-21/20.5.22 ) മറുപടി ലഭ്യമാക്കിയില്ല. തുക സർക്കാരിലേക്ക് അടവാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 പണം അടവാക്കൽ - പിൻവലിക്കൽ പരിശോധന - ക്യാൻസൽഡ് ചെക്കിന്റെ തുക ട്രഷറി അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തിരിക്കുന്നു

ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 25170/- രൂപയുടെ ചെക്ക് നം.2870069/1.10.2020 ക്യാൻസൽ ചെയ്ത് ക്യാൻസൽഡ് ചെക്ക് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ ചെക്ക് 05.10.2020 ൽ പാസായതായി കാണുന്നു. മേൽ തുക ബ്ലോക്ക് പഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരായ റീഹ വിനോദ്കുമാർ പി.റ്റി.എസ്., ഷിജ്ജ, ഡ്രൈവർ എന്നിവരുടെ 09/2020 ലെ വേതനമിനത്തിലുള്ള തുകയാണ്. ടി ചെക്ക് ക്യാൻസൽ ചെയ്തതിനുശേഷം ചെക്ക് നം. 2870071/5.10.20 പ്രകാരം മേൽ വ്യക്തികൾക്ക് 25305/- രൂപ വേതനം നല്കുകയും ടി തുകയും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം പാസായിട്ടുണ്ട്. റദ്ദ് ചെയ്ത ചെക്ക് പ്രകാരം തുക പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20-21/15.5.22) 17.5.22 ൽ ലഭ്യമാക്കിയ മറുപടിയിൽ ടി വ്യക്തികൾക്ക് രണ്ടു തവണ തുക നല്കിയിട്ടില്ലെന്ന് അറിയിക്കുകയും ആയത് സംബന്ധിച്ച് ടി വ്യക്തികളുടെ ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഹാജരാക്കുകയുമുണ്ടായി. ക്യാൻസൽഡ് ചെക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുമ്പോൾതന്നെ തുക പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ട്രഷറി ഓഫീസർക്ക് പഞ്ചായത്ത് കത്ത് നല്കിയിട്ടുണ്ട്. ട്രഷറിയിലെ തെറ്റായ രേഖപ്പെടുത്തലുകൾ മൂലമാണ് 25170/- രൂപ ടി.എസ്.ബി സ്റ്റേറ്റ്മെന്റിൽ കുറവു വന്നിരിക്കുന്നതെന്നും അക്കൗണ്ട് റെക്കൺസൈൻ ചെയ്ത സമയത്ത് ഈ വിവരം കാണിച്ചുകൊണ്ട് ബ.100/2020 നം. കത്ത് മുഖേന തിരുത്തൽ വരുത്തുന്നതിന് കത്ത് നൽകിയെങ്കിലും ടി തുക നാളിതുവരെ അക്കൗണ്ടിൽ ക്രഡിറ്റായതായി രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ 17.05.2022-ലും ട്രഷറി ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതായാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സാമ്പത്തികവർഷാവസാനംവരെ ടി തുകയുടെ വ്യത്യാസം പഞ്ചായത്തിന്റെ കണക്കിൽ തുടരുകയാണ്. നഷ്ടമായ തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന പത്രപ്പരസ്യത്തിനായി ചെലവഴിച്ച തുകയിൽ നിന്നും സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)1/ 2011/ഐ. അന്റ് പി.ആർ.ഡി./4.1.2011 പ്രകാരമുള്ള 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ദിനപ്പത്രം | ബിൽ നം. | GST കുറച്ചുള്ള തുക |
|---|---|---|---|---|---|
| 1 | 2200014/22.9.20 | 13104/- (ചെക്ക് നം. 2870058/17.9.20-14924/-) | മാതൃഭൂമി | 321000031215/26.8.20 | 12480/- |

ട്രേഡ് ഡിസ്കൗണ്ട് 1872/- (12480x15%) ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/13.5.22) മറുപടി ലഭ്യമാക്കിയില്ല. തുക ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 MGNREGS ന വേണ്ടി ടാക്സി കാർ വാടക നല്കിയത്

വൗച്ചർ നം.22000093/15.9.20 ചെക്ക് നം. 2870045/12.8.20 – തുക 8550/-

MGNREGS ആവശ്യത്തിനായി സെക്രട്ടറി 3.6.20, 5.6.20, 10.6.20 തീയതികളിലേക്ക് ടാക്സി കാർ ഓടിയതിനായി ശ്രീ.

സത്യരാജ് എന്ന വ്യക്തിക്ക് 5250/- രൂപ (1750X3)നല്കിയിട്ടുണ്ട് (KL 04 AE 5628). എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വാഹനമായ KL04AC 9090 മേൽ ദിവസങ്ങളിൽ ഈ ആവശ്യത്തിനായിത്തന്നെ ഓടിയിട്ടുള്ളതായി ലോഗ് ബുക്ക് പ്രകാരം കാണുന്നു.

കൂടാതെ സാമ്പത്തികവർഷത്തെ മറ്റു ദിവസങ്ങളിലെല്ലാം MGNREGS ആവശ്യത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനമാണ് ഓടിയിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/13.5.22 ) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് വാഹനം ഉള്ളതിനാലും മേൽ ദിവസം ലോഗ് ബുക്ക് പ്രകാരം ഈ ആവശ്യത്തിനായിത്തന്നെ ഓടിയിട്ടുള്ളതിനാലും വാഹനം വാടകയ്ക്കെടുത്തതിന്റെ ആവശ്യകത വ്യക്തമാക്കാത്തതിനാലും ചെലവ് തുക നിരാകരിക്കുന്നു.

## 1-14 അപകടത്തിൽപ്പെട്ട വാഹനം റിപ്പയർ ചെയ്തതിന് തുക അനുവദിച്ചത് സംബന്ധിച്ച്

ചെക്ക് നം.2870092/27.11.20 – തുക 189096/-

ബ്ലോക്ക് പഞ്ചായത്തിന്റെ KL04 AC 9090 നം. വാഹനം 10.6.2020 ൽ അപകടത്തിൽപ്പെടുകയും റിപ്പയറിംഗിനായി മഹീന്ദ്രയുടെ ഷോറൂമിൽ എത്തിച്ചു എന്നുമാണ് ലോഗ് ബുക്കിൽ ഡ്രൈവർ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ റിപ്പയറിംഗിനായി മേൽപ്പറഞ്ഞ പ്രകാരം 189096/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ വാഹനത്തിന് ഇൻഷ്വറൻസിനായി ചെക്ക് നം. 2975415/26.12.19 പ്രകാരം 3732/- രൂപയും 2975416/26.12.19 പ്രകാരം 3471/- രൂപയും SLI യിൽ അടവാക്കിയിട്ടുണ്ട്.
മേൽ ചെലവ് സംബന്ധിച്ചുള്ള പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനത്തിൽ മറ്റൊരു വാഹനം വന്ന് ഇടിച്ചതായാണ് ഡ്രൈവർ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാഹനം അപകടം സംബന്ധിച്ച് പോലീസിലോ മോട്ടോർവാഹനവകുപ്പിലോ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല.
2) ഇടിച്ച വാഹനത്തിന്റെ നമ്പരോ മറ്റു വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. അപകടമുണ്ടാക്കിയതായി പറയുന്ന വാഹനം ഇതു സംബന്ധിച്ച് പഞ്ചായത്ത് വാഹനത്തിനെതിരെ കേസ് നല്കിയിട്ടുണ്ടോ
3) പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ കേസ് സംബന്ധമായ നിലവിലെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അപകടം സംബന്ധിച്ച് പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം
4) GD Entry നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ നമ്പരും വിശദാംശങ്ങളും.
5) SLI ഇൻഷ്വറൻസ് എടുത്തിട്ടുള്ള വാഹനം ഇൻഷ്വറൻസിനായി ക്ലെയിം ചെയ്തിട്ടുണ്ടോ
6) വാഹനത്തിന്റ കസ്റ്റോഡിയൻ ഓഫീസർ അപകടം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുകയോ പോലീസിൽ പരാതിപ്പെടുകയോ ചെയ്തിട്ടുണ്ടോ
7) വാഹനത്തിന് വാറന്റിയില്ലാതെ അപകടമുണ്ടായ വാഹനം വാഹനഷോറൂമിൽ നല്കിയതിനുള്ള കാരണം
8) മഹീന്ദ്ര ഷോറൂമിൽ എത്തിച്ചു എന്ന് ഡ്രൈവർ രേഖപ്പെടുത്തിയിട്ടുള്ള വാഹനം റിപ്പയർ ചെയ്തതിന് Intrepid Works (P) Ltd., ആറാട്ടുവഴി, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ബില്ലാണ് ലഭ്യമാക്കിയിട്ടുള്ളത്.
9) ബിൽ ലഭ്യമാക്കിയ മേൽ സ്ഥാപനം സർക്കാർ അംഗീകൃത വർക്ക്ഷോപ്പാണോ
10) വാഹനം മേൽ സ്ഥാപനത്തിൽ റിപ്പയർ ചെയ്യുന്നതിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശം നല്കിയിട്ടുണ്ടോ

എന്നീ കാര്യങ്ങൾക്കായി വിശദീകരണം തേടിയെങ്കിലും മറുപടിയോ വാഹനത്തിന്റെ ഫയലോ ലഭ്യമാക്കിയില്ല.

സർക്കാർ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള ധനകാര്യ പരിശോധനാ (നോൺ ടെക്നിക്കൽ-എഫ്) വിഭാഗത്തിന്റെ ജി.ഒ.(എം.എസ്.)113/03/ധന.,തീ.24.2.2003, സർക്കുലർ നം.41/2008/ധന., തീയതി.02.08.2008 എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും സർക്കാർ വാഹനങ്ങളുടെ 10000/- രൂപയിൽ കൂടുതൽ തുകയ്ക്കുള്ള അറ്റകുറ്റപ്പണി സംബന്ധിച്ച് ജി.ഒ.(ആർ.ടി.)നം.110/87/PW&T, 20.1.1987 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും സർക്കാർ വാഹനങ്ങളുടെ റിപ്പയർ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊമേഴ്സ്യൽ ടാക്സ് കമ്മീഷണറുടെ ഓഫീസിൽ നിന്നും 02.02.2010 ൽ നം. ബി.10-3183/2010/സി.ടി സർക്കുലർ നം. 02/2010 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
1) റീജിയണൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് (പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ്ഡിവിഷൻ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ -ന്റെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.
2) 10000/- രൂപയിൽ അധികരിക്കുന്ന അറ്റകുറ്റപ്പണികൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയർ പരിശോധിച്ച് എക്കണോമി സർട്ടിഫിക്കറ്റ് നല്കേണ്ടതാണ്.

3) ഗവ. അംഗീകൃത വർക്ക്ഷോപ്പുകളിൽ നിന്നും വർക്ക് എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതാണ്.

4) സ്പെയർ പാർട്ട്സുകൾക്കായി കുറഞ്ഞത് 3 ക്വട്ടേഷനുകളെങ്കിലും ലഭ്യമാക്കേണ്ടതാണ്.

5) വാഹനം തൃപ്തികരമായി അറ്റകുറ്റപ്പണി ചെയ്തത് സംബന്ധിച്ചും സ്പെയർപാർട്സ് മാറ്റിയത് സംബന്ധിച്ചുമുള്ള പി.ഡബ്ല്യു.ഡി., മെക്കാനിക്കൽ ഡിവിഷൻ അതോറിറ്റിയുടെ സാക്ഷ്യപത്രം.

കൂടാതെ Negligent Driving, Rash Driving എന്നിവ മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് ഡ്രൈവർ ഉത്തരവാദിയായിരിക്കുമെന്നും ആയതുമൂലമുള്ള ചെലവ് വാഹനഡ്രൈവറിൽ നിന്നും ഈടാക്കേണ്ടതാണെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇത്രയും വലിയ വാഹനാപകടം ഉണ്ടായെങ്കിലും ആയത് സംബന്ധിച്ച് വ്യക്തമായ യാതൊരു രേഖകളും ഹാജരാക്കിയില്ല.

വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/13.5.22 ) മറുപടി ലഭ്യമാക്കിയില്ല.

ഇൻഷ്വറൻസ് ഉള്ള ഈ വാഹനത്തിന് ഇത്രയും വലിയ തുക റിപ്പയറിംഗിനായി ചെലവഴിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയില്ല. അപകടം നിയമാനുസൃതം പോലീസിൽ റിപ്പോർട്ട് ചെയ്യാതെയും ഇൻഷ്വറൻസ് ക്ലയിം ചെയ്യാതെയും സർക്കാർ വാഹനങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും നിയമാനുസൃതമല്ലാതെയും അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രങ്ങൾ ഇല്ലാതെയും ചെയ്ത പ്രവർത്തിക്ക് ചെലവഴിച്ച തുക 189096/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 പഞ്ചായത്ത് ഓഫീസ് വൃത്തിയാക്കിയതിന് വേതനം നല്കിയത്

ചെക്ക് നം.5516811/27.1.21 തുക - 43510/-

മേൽ ചെക്ക് പ്രകാരം കമ്മിറ്റിഹാൾ, സ്റ്റാന്റിംഗ് കമ്മിറ്റി റൂം എന്നിവ വൃത്തിയാക്കിയതിന് 3 പേർക്ക് 900/- രൂപ വീതം ആകെ 2700/- രൂപയും ഓഫീസും കോൺഫറൻസ് ഹാളും ഇലക്ഷൻ കഴിഞ്ഞ് വൃത്തിയാക്കിയതിന് 4 പേർക്ക് 900/- രൂപ നിരക്കിൽ ആകെ 3600/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ ഓഫീസിൽ ഒരു സ്ഥിരം പി.റ്റി.എസ്-നെക്കൂടാതെ, ഓഫീസ് സ്വീപ്പിംഗ് ഏരിയ കൂടുതലാണെന്ന് കണക്കാക്കി ദിനവേതനാടിസ്ഥാനത്തിൽ ഒരു പി.റ്റി.എസ്.നെയും നിയമിച്ചിട്ടുണ്ട്. അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം മേൽ ജീവനക്കാർ ജോലി ചെയ്തിരിക്കുന്ന ദിവസങ്ങളിൽത്തന്നെ ഓഫീസ് വൃത്തിയാക്കുന്നതിന് മറ്റുള്ളവർക്ക് വേതനം നൽകുന്നത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/13.5.22 ) മറുപടി ലഭ്യമാക്കിയില്ല.

## 1-16 മെഡിക്കൽ ഓഫീസർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ (UHTC), അമ്പലപ്പുഴ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

I. പ്രോജക്ട് നം. 22/20-21 – സെക്കന്ററി ലെവൽ പാലിയേറ്റീവ്

അടങ്കൽ - 1121680/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 991956/-

1) ട്രഷറി ബിൽ നം. 20060163013800923500/11.1.21 പ്രകാരം 299963/- രൂപ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോഫോർമ ഇൻവോയ്സ് നം. PRF 1573/17.7.20 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഇൻവോയ്സ് നം. 9159/17.11.21 – 54399/-, 6426/20.9.21 – 107983/-, 6427/20.9.21 – 64073/-, 1947/12.5.22-16015/-, 1953/2/5/22-24152/- എന്നിങ്ങനെ ആകെ 266622/- രൂപയുടെ സാധനങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. ബാക്കി 33341/- രൂപയുടെ സാധനങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 33341/- രൂപ തടസ്സപ്പെടുത്തുന്നു.

2) ട്രഷറി ബിൽ നം. 20060163013800923494/11.1.21 പ്രകാരം 500000/- രൂപ വിവിധ മരുന്നുകൾ വാങ്ങുന്നതിനായി പ്രോഫോർമ ഇൻവോയ്സ് നം. PRF 2582/29.9.20 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. വിവിധ ഇൻവോയ്സുകൾ പ്രകാരം 369594/- രൂപയുടെ (34191 + 105887 + 37987 + 89221 + 50476 + 9408 + 42424) മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. ബാക്കിയുള്ള 130406/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 130406/- രൂപ തടസ്സപ്പെടുത്തുന്നു.

II. പ്രോജക്ട് നം. 94/20-21 – മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കോവിഡ് രോഗികൾക്ക് ഡയാലിസിസ് യൂണിറ്റ്

അടങ്കൽ - 2850000/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 2081087/-

I) ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള RO പ്ലാന്റിന്റെ പ്ലംബിങ് വർക്ക്

തുക നല്കിയിരിക്കുന്ന വിവരം - ട്രഷറി ബിൽ നം. 20060163013800923510/11.1.21 - തുക – 94500/-

പ്രവർത്തി ചെയ്യുന്നതിനായി താഴെപ്പറയും പ്രകാരം 4 ക്വട്ടേഷനുകൾ ലഭിച്ചിരുന്നു.

1). Allied Renal Care – 150000/-

2). DIA MED Technologies – 100000/-

3). Meditech Corporations – 96000/-

4). Techno Water Solutions – 94500/-

പ്രവർത്തി നിർവ്വഹിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) ലഭിച്ച ആദ്യ 3 ക്വട്ടേഷനുകളിൽ എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരുന്ന പ്രകാരമുള്ള Hot & Cold Water Stability യുള്ള പൈപ്പുകളും Brass Treaded Fittings കളെ സംബന്ധിച്ചും വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. കൂടാതെ 2-ാമത്തെ കുറഞ്ഞ നിരക്ക് (96000/-) രേഖപ്പെടുത്തിയിരിക്കുന്ന Meditech Corporation, KMSCL ന്റെ റണ്ണിംഗ് കോൺട്രാക്ട് ഉള്ള സ്ഥാപനവുമാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന Techno Water Solutions ആണ് പ്രവർത്തി നിർവ്വഹിച്ചിരിക്കുന്നതെങ്കിലും സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ സാധനങ്ങളുടെ ഗുണനിലവാരമോ എസ്റ്റിമേറ്റ് പ്രകാരമുള്ള വിശദവിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ലോക്കൽ വർക്ക് ചെയ്യുന്ന രീതിയിലുള്ള ഒരു വിശദീകരണം മാത്രമാണ് ക്വട്ടേഷനിലുള്ളത്. ഡയാലിസിസ് യൂണിറ്റിൽ ഉപയോഗിക്കുന്ന RO പ്ലാന്റിലേക്കുള്ള മേൽ പ്ലംബിങ് വർക്കുകൾക്ക് ഗുണനിലവാരം നിർബന്ധമായും പാലിക്കേണ്ടതുണ്ടെങ്കിലും ഇപ്രകാരമുള്ള ക്വട്ടേഷൻ അംഗീകരിച്ചതുമൂലം ആയത് പാലിച്ചതായി കാണുന്നില്ല.

ബി) ഈ പ്രവർത്തി ഉത്തരവാദപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല.

സി)ഈ പ്രവർത്തിക്കായി വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ പരിശോധനയ്ക്കായി ബില്ലിനൊപ്പം ഹാജരാക്കിയിട്ടില്ല.

ഡി)ഈ പ്രവർത്തിക്കായി എസ്റ്റിമേറ്റിൽ കണക്കാക്കിയിരിക്കുന്ന തുക തന്നെയാണോ ചെലവഴിച്ചിരിക്കുന്നതെന്ന വിശദവിവരവും ലഭ്യമാക്കിയിട്ടില്ല.

ഇ)എസ്റ്റിമേറ്റ് നം.BL/2020/5807 പ്രകാരം 18 മുതൽ 22 വരെയുള്ള ഇനങ്ങളിലെ പ്രവർത്തിയാണ് ചെയ്തിരിക്കുന്നതെന്ന് കാണുന്നു.

| ഇനം | തുക |
|---|---|
| 18 | 28956.06 |
| 19 | 2893.59 |
| 20 | 4298.50 |
| 21 | 3158.76 |
| 22 | 2197.20 |
| ആകെ | 41504.11 |

ഇതു കൂടാതെ മാൻഹോൾ നിർമ്മിക്കുന്നതിനായി പ്രവർത്തി നടത്തിയിരിക്കുന്ന ക്വട്ടേഷൻ പ്രകാരം സാധനവിലയും പണിക്കൂലിയും ഉൾപ്പെടെ 2200/- രൂപയുടെ പ്രവർത്തികൂടി ചെയ്തിട്ടുണ്ട്. അതു പ്രകാരം ആകെ എസ്റ്റിമേറ്റ് തുക 43704.11(41504.11+2200) രൂപയാണ്. എന്നാൽ ഇവിടെ 94500/- രൂപ മേൽ പ്രവർത്തിക്കായി ചെലവ് ചെയ്തതായി കാണുന്നു.

II) ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സിവിൽ വർക്കുകൾ

തുക നല്കിയിരിക്കുന്ന വിവരം - ട്രഷറി ബിൽ നം. 20060163013801121979/22.2.21 - തുക – 233309/-

ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20-21/19.5.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ വർക്കുകൾക്കായി ചെലവഴിച്ച 327809/- (94500 + 233309) രൂപ തടസ്സപ്പെടുത്തുന്നു.

III. പ്രോജക്ട് നം. 96/20-21 – കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് ഓക്സിജൻ കോൺസൻട്രേറ്റർ, പി.പി.ഇ. കിറ്റ് മുതലായവ വാങ്ങൽ

അടങ്കൽ - 200000/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 182059/-

ട്രഷറി ബിൽ നം.13/20-21 തീയതി 28.3.21 - 151187/-

ഓഫീസ് നോട്ട് പ്രകാരം നീതി മെഡിക്കൽ സ്റ്റോർ, അമ്പലപ്പുഴയിൽ നിന്നും ഗ്ലൗസ്, ഫേസ് മാസ്ക് മുതലായവ വാങ്ങിയതിനായുള്ള 146913.02 രൂപയുടെ ബില്ലും ജൻ ഔഷധി, വണ്ടാനത്തു നിന്നും ലാറ്റക്സ് ഗ്ലൗ, N95 എന്നിവ

വാങ്ങിയതിനായി 4274.20 രൂപയുടെ ബില്ലും ഹാജരാക്കിയിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് ട്രഷറി ബിൽ നം.13/20-21 തീയതി 28.3.21 പ്രകാരം 151187/- രൂപ നല്കിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയ ബില്ലുകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 151187/- രൂപ തടസ്സപ്പെടുത്തുന്നു.
ഓക്സിജൻ കോൺസൻട്രേറ്റർ മുതലായവ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്ത വിവരങ്ങളും കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ നിർത്തലാക്കിയ സാഹചര്യത്തിൽ ആയത് തിരികെ ലഭ്യമാക്കിയത് സംബന്ധിച്ചോ ഇപ്പോഴത്തെ ഉപയോഗം സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20-21/19.5.22) മറുപടി ലഭ്യമാക്കിയില്ല.
ആകെ തടസ്സപ്പെടുത്തിയ തുക

I (1) - 33341
(2) - 130406
II (1) - 94500
(2) - 233309
III - 151187
ആകെ- 642743/-

## 1-17 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -സ്രോതസ്സിൽ നിന്നും നികുതി ഈടാക്കാത്തത് സംബന്ധിച്ച്

താഴെപ്പറയുന്ന വിവിധ പ്രോജക്ടുകൾക്കായി പെട്ടിയും പറയും മോട്ടോർ എന്നിവ വാങ്ങിയിട്ടുണ്ട്. ഈ ബില്ലുകളിൽ നിന്നും 2017 ലെ CGST Act/SGST Act ലെ സെക്ഷൻ 51(1), സർക്കാർ ഉത്തരവ് (അച്ചടി) നം.87/2017/ത.സ്വ.ഭ.വ., തീയതി 01.11.2017 എന്നിവ പ്രകാരം 2.50 ലക്ഷം രൂപയിൽ അധികരിച്ച വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി.യും 1% ആദായനികുതിയും ഈടാക്കിയതായി കാണുന്നില്ല. എല്ലാ വാങ്ങലുകളും മണ്ണാശ്ശേരിൽ ഫൗണ്ടറി, തലയോലപ്പറമ്പ്.പി.ഒ., വൈക്കം എന്ന സ്ഥാപനത്തിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. (GSTIN/UIN – 32ACOPA8464G1ZM).

1) പ്രോജക്ട് നം. 18/20-21 (New) – അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പാടശേഖര സമിതികൾക്ക് Vertical Axil Flow Pump വാങ്ങൽ

അടങ്കൽ - 5000000/- (വികസനഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 4835000/-

| ക്രമ നം. | ട്രഷറി ബിൽ നം./ തുക | ഇൻവോയ്സ് നം./തീയതി | വാങ്ങിയ മോട്ടോറിന്റെ HP | GST ഒഴികെയുള്ള തുക | ഈടാക്കേണ്ട നികുതി (2%) | ഇൻകം ടാക്സ് (1%) |
|---|---|---|---|---|---|---|
| 1 | CB.3/01.02.21 - 1200000/- | 026/27.1.21 | 50 | 1071430/- | 21428/- | 10714/- |
| 2. | CB.4/01.02.21- 945000/- | 027/27.1.21 | 30 | 843750/- | 16875/- | 8437/- |
| 3 | CB.5/24.02.21 - 890000/- | 035/19.2.21 | 25 | 794643/- | 15892/- | 7946/- |
| 4 | CB.6/24.02.21- 600000/- | 034/19.2.21 | 15 | 535715/- | 10714/- | 5357/- |
| 5 | CB.7/ 24.02.21 - 600000/- | 032/18.2.21 | 15 | 535715/- | 10714/- | 5357/- |
| 6 | CB.8/24.02.21- 600000/- | 031/18.2.21 | 15 | 535715/- | 10714/- | 5357/- |
| | | | | | 86337/- | 43168/- |

2) പ്രോജക്ട് നം. 56/20-21 (SO) – അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പാടശേഖര സമിതികൾക്ക് പെട്ടിയും പറയും മോട്ടോർ എന്നിവ വാങ്ങൽ

അടങ്കൽ -3369800/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 3369800/-

| ക്രമ നം. | ട്രഷറി ബിൽ നം./ തുക | ഇൻവോയ്സ് നം./തീയതി | വാങ്ങിയ മോട്ടോറിന്റെ HP | GST ഒഴികെയുള്ള തുക | ഈടാക്കേണ്ട നികുതി (2%) | ഇൻകം ടാക്സ് (1%) |
|---|---|---|---|---|---|---|
| 1. | CB.1/13.05.20- 507000/- | 014/7.1.20 | 50* | 482855/- | 9657/- | 4828/- |
| 2 | CB.2/13.05.20 - 507000/- | 021/27.1.20 | 50* | 482855/- | 9657/- | 4828/- |
| 3 | CB.17//21.4.20 - 414950/- | 028/14.2.20 | 30 | 395191/- | 7904/- | 3951/- |
| 4 | CB.18//21.4.20 - 492000/- | 025/12.2.20 | 50** | 468572/- | 9371/- | 4685/- |
| 5 | CB.19//11.5.20 - 492000/- | 026/12.2.20 | 50** | 468572/- | 9371/- | 4685/- |
| 6 | CB.20//21.4.20 - 294900/- | 027/12.2.20 | 25 | 230858/- | 4617/- | 2308/- |
| 7 | CB.21//21.4.20 - 414950/- | 035/18.3.20 | 30 | 395191/- | 7904/- | 3951/- |
| | | | | | 58481/- | 29236/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/20-21/19.5.22) മറുപടി ലഭ്യമാക്കിയില്ല. റ്റി.ഡി.എസ്. 144818/- രൂപയും ആദായ നികുതി 72404/- രൂപയും ഈടാക്കി സർക്കാരിലേക്ക് അടവാക്കുകയോ നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

* 2019-20 ലെ നം. 28/19-20 (New) എന്ന പ്രോജക്റ്റ് 2020-21 ൽ പ്രോജക്റ്റ് നം. 56/20-21 (സ്പിൽ ഓവർ) ആയാണ് പൂർത്തിയാക്കിയത്.

26.8.19 ൽ 10 ഗുണഭോക്താക്കൾക്കായി പെട്ടിയും പറയും മോട്ടോറും വാങ്ങുന്നതിനായി ലഭിച്ച ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങിയതിന് 50 HP യ്ക്ക് 507000/- രൂപയും 20 HPയ്ക്ക് 307900/- രൂപയും 15 HP യ്ക്ക് 247000/- രൂപയുമാണ് നല്കിയിട്ടുള്ളത്.

**എന്നാൽ കേവലം 4 മാസങ്ങൾക്ക് ശേഷം 6 ഗുണഭോക്താക്കൾക്കായി പെട്ടിയും പറയും മോട്ടോറും വാങ്ങുന്നതിനായി ലഭിച്ച ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങിയതിന് 50 HP യ്ക്ക് 414950/- രൂപയും 20 HPയ്ക്ക് 281000/- രൂപയും 15 HP യ്ക്ക് 219900/- രൂപയും മാത്രമാണ് ചെലവായിട്ടുള്ളത്.

ഇതു സംബന്ധിച്ച് നേരിട്ട് അന്വേഷിച്ചതിൽ ഉപകരണത്തിനായി കുറഞ്ഞ നിരക്കിലെ ക്വട്ടേഷൻ ലഭ്യമാക്കിയ അച്ഛന്റെയും മകന്റെയും സ്ഥാപനങ്ങൾ മാത്രമാണ് കേരളത്തിൽ ഈ ഉപകരണം നിർമ്മിക്കുന്ന ഏക നിർമ്മാതാക്കൾ എന്നും സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ ഇവരിൽ നിന്നുമാണ് സാധനങ്ങൾ ലഭ്യമാക്കുന്നതെന്നുമാണ് ലഭ്യമായ വിവരം. സർക്കാർ അക്രഡിറ്റഡ് ഏജൻസികളുടെ നിരക്കും ജില്ലാതല യൂണിറ്റ് കോസ്റ്റും ഇതിലും വളരെക്കൂടുതലായാണ് കാണുന്നത്. ആയതിനാൽ ആദ്യം ക്വട്ടേഷൻ ലഭ്യമായപ്പോൾ നെഗോഷ്യേറ്റ് ചെയ്യാതിരുന്നതുമൂലമാണ് ഇത്രയും തുക അധികം നല്കാൻ ഇടയായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-18 പ്രോജക്റ്റ് നം. 81/20-21- ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ

പ്രോജക്റ്റ് നം. 81/20-21 – ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ
അടങ്കൽ 525000/- (343474/- വികസന ഫണ്ട് - പൊതുവിഭാഗം

182526/- തനത് ഫണ്ട്)

ചെലവ് - 342474/- (വികസന ഫണ്ട്)

ട്രഷറി ബിൽ നം. - 2006010301450139118/26.3.21 – തുക - 342474/-

പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

1) ടെണ്ടർ നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ഇലക്ട്രോണിക് വീൽ ചെയറുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ (KSIE) നിന്നും നികുതികൾ ഉൾപ്പെടെ ഒന്നിന് 125000/- രൂപ വില വരുന്ന ഒരു മോഡൽ വീൽ ചെയറിന്റെ (മോഡൽ നം. EM002 - Easy Move) എസ്റ്റിമേറ്റ് മാത്രം വാങ്ങുകയും 4

എണ്ണത്തിന് സപ്ലൈ ഓർഡർ നല്കുകയുമാണുണ്ടായത്. (എസ്റ്റിമേറ്റ് നം.KSIE/MKTG/TVMBC/ ICDS/AMP/20-21/തീയതി 12.10.2020)

2) ലഭ്യമായ മോഡലിന്റെ ഗുണമേന്മ സംബന്ധിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയറോ മറ്റ് അധികാരപ്പെട്ടവരോ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തി നല്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥ പോലും മറ്റു മോഡലുകളുമായി താരതമ്യം ചെയ്യുകയോ ചെയ്തിട്ടില്ല. ഇന്റർനെറ്റ് വഴി സെർച്ച് ചെയ്താൽപ്പോലും ഈ മോഡലിന് കേവലം 50000/- രൂപയിൽ താഴെ മാത്രമേ വില വരൂ എന്ന് മനസ്സിലാക്കാവുന്നതാണ്.

3) പ്രോജക്ട് നിർദ്ദേശപ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ, ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നോ നേരിട്ട് ആണ് വാങ്ങൽ നടത്തേണ്ടത്. ജി.ഒ. (ആർ.ടി.)നം.3299/2016/ തസ്വഭവ, തീയതി 02.12.2016 പ്രകാരവും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സബ്സിഡി മാർഗ്ഗരേഖ 7.1.4 പ്രകാരവും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങളാണ് ടെണ്ടർ കൂടാതെ വാങ്ങാവുന്നത്.

4) ജി.ഒ. (കൈ.)നം.01/2016/എസ്.പി.ഡി. തീയതി 08.12.2016 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ ഓർഡർ മൂല്യത്തിന്റെ 50% വരെ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കാത്ത സാധനങ്ങൾ വിതരണം ചെയ്യാവുന്നതാണെങ്കിലും 50% ൽ അധികം ബ്രാന്റഡ് ഇനങ്ങളും സ്ഥാപനം ഉല്പാദിപ്പിക്കാത്ത/ അസംബിൾ ചെയ്യാത്ത/ നിർമ്മിക്കാത്ത ഇനങ്ങൾ ആണെങ്കിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

5) 25.2.2021ൽ KSIE യുമായി കരാർ വച്ച് ഇൻവോയ്സ് നം. TVMBC300/തീ.15.3.2021 പ്രകാരം വീൽ ചെയറുകൾ സപ്ലൈ ചെയ്തു. എന്നാൽ സപ്ലൈ ചെയ്തത് Med-equip എന്ന സ്ഥാപനം വിതരണം ചെയ്യുന്ന MEEWC01 എന്ന മോഡൽ വീൽചെയറുകളാണ്.

6) വിതരണം ചെയ്തത് എസ്റ്റിമേറ്റ് പ്രകാരമുള്ള വീൽചെയർ അല്ല എന്നും KSIE യുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ വീൽചെയർ മാറ്റി നല്കാം എന്നറിയിച്ചിട്ടുള്ളതായും കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ICDS/AMB/350/20/13.7.21 നമ്പർ കത്ത് നല്കിയിട്ടുണ്ട്. അതേ ദിവസംതന്നെ KSIE ക്കും നിർവ്വഹണ ഉദ്യോഗസ്ഥ ഇതേ നം. പ്രകാരം കത്ത് നല്കിയിട്ടുണ്ട്. തുടർന്ന് ലഭ്യമായ വീൽചെയറിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ഗവ.ഐ.ടി.ഐ. ചെങ്ങന്നൂരിനോട് ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥ കത്ത് നല്കിയതിനെത്തുടർന്ന് സീനിയർ ഇൻസ്ട്രക്ടർ പരിശോധന നടത്തുകയും എ.1-2206/2021/7.12.21 പ്രകാരം റിപ്പോർട്ട് നല്കുകയും ചെയ്തു. ഈ റിപ്പോർട്ട് പ്രകാരം എസ്റ്റിമേറ്റിൽ സൂചിപ്പിച്ച മോഡലിന്റെ മോട്ടോറിന്റെ Specification Details ലഭ്യമായില്ല എന്നും സ്റ്റോറേജ് ബാറ്ററി Lead Acid 24V/12Ah ആണെന്നും ലഭ്യമാക്കിയ മോഡലിന്റെ മോട്ടോർ 24V/250W ആണെന്നും സ്റ്റോറേജ് ബാറ്ററി ആധുനിക ഇനത്തിൽപ്പെട്ട ലിഥിയം - അയോൺ (24V/20Ah) ആണെന്നും ഇതിന് ചാർജിംഗ് സമയം കുറവു മതിയെന്നും പ്രവർത്തനസമയം കൂടുതലുണ്ടെന്നും ആയതിനാൽ ഇറക്കിയ മോഡലാണ് കൂടുതൽ നല്ലതെന്നുമാണ് അഭിപ്രായപ്പെട്ടത്.

7) 08.04.21 ൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീബ രാകേഷ്, വിതരണം ചെയ്ത വീൽചെയറുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്നും കേവലം 39000/- രൂപയിൽ താഴെ മാത്രമേ വിലവരുകയുള്ളൂവെന്നും ആയത് 125000/- രൂപക്ക് വാങ്ങി ഗുണഭോക്താക്കൾക്ക് നല്കി എന്ന് പരാതി ലഭിച്ചിട്ടുണ്ടെന്നും ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥക്ക് കത്ത് നല്കിയിട്ടുണ്ട്. ആയതിന് പ്രോജക്ടിൽ പറഞ്ഞതിൻ പ്രകാരമാണ് KSIE യിൽ നിന്നും ഉപകരണം വാങ്ങിയതെന്നും സാങ്കേതികപരിജ്ഞാനം ഇല്ലാത്തിനാലാണ് മോഡൽ മാറിയത് ശ്രദ്ധയിൽപ്പെടാതിരുന്നതെന്നും KSIE യുമായി ബന്ധപ്പെട്ട് വീൽചെയർ മാറിനല്കുകയോ തുക തിരികെ ലഭ്യമാക്കേണ്ടതോ ആണെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കിയത്. കൂടാതെ KSIE യുടെ വിശ്വാസ്യതയെ മുൻനിർത്തിയാണ് ഉപകരണം വാങ്ങിയതെന്നും വിലകുറഞ്ഞ ഉപകരണം നല്കിയതുമൂലം സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുകയാണുണ്ടായതെന്നും ആയതിനാൽ കമ്പനിയുടെമേൽ പരാതി നല്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യണമെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

കമ്പനി പ്രതിനിധികളെ ഇതു സംബന്ധിച്ച് ചർച്ചക്ക് ക്ഷണിക്കുകയും മീറ്റിംഗ് നടത്തുകയും ചെയ്തിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിൽ അറിയിച്ചെങ്കിലും ആയതിൻ പ്രകാരം എടുത്ത തീരുമാനങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

തുടർന്ന് ഇപ്പോൾ ലഭ്യമാക്കിയ വീൽ ചെയറിന്റെ വില ലഭ്യമാക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ 16.4.21 ൽ ICDS/എ.1/350/20 കത്ത് മുഖേന KSIE യോട് ആവശ്യപ്പെട്ടതിൽ ലഭ്യമാക്കിയ MEEWC01 എന്ന മോഡൽ വീൽചെയറിന്റെ വില 90000/- രൂപയാണെന്നും അതിന്റെ Specifications ഉം Med-equip എന്ന സ്ഥാപനം അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ വീൽചെയറുകൾ Med-equip എന്ന സ്ഥാപനം സപ്ലൈ ചെയ്യുന്നതാണ്. മേൽ സ്ഥാപനം വിതരണം ചെയ്യുന്ന മോഡലുകളുടെ ബ്രോഷർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

മേൽ പരാതിയെത്തുടർന്ന് KSIE ആദ്യം എസ്റ്റിമേറ്റ് നല്കിയ മോഡൽ ഒരെണ്ണം സപ്ലൈ ചെയ്യുകയും ആയത് ഇപ്പോഴും CDPO ഓഫീസിൽ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| KSIE അറിയിച്ചതനുസരിച്ച് സപ്ലൈ ചെയ്ത വീൽ ചെയറിന്റെ വില (90000 X 4) | 360000/- |
| തുക നല്കിയിരിക്കുന്നത് ( വികസന ഫണ്ട്) | 342474/- |
| KSIE യ്ക്ക് ബാക്കി നല്കേണ്ട തുക | 17526/- |

മേൽ പ്രശ്നങ്ങൾ മൂലം തുക നാളിതുവരെ KSIEയ്ക്ക് നല്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/20-21/20.5.22) മറുപടി ലഭ്യമാക്കിയില്ല.

മേൽ പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 525000/- രൂപ അടങ്കലുള്ള ഈ പ്രൊജക്റ്റിന്റെ വാങ്ങലിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ഓർഡർ നല്കിയ സ്ഥാപനം വീൽചെയർ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസിയല്ല. വീൽചെയർ നിർമ്മിക്കുകയോ അസംബിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനവുമല്ല.

3) ഉപകരണത്തിന്റെ ഗുണനിലവാരം പരിശോധിക്കാതെയും സമാനമായ മറ്റ് ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻസ് താരതമ്യം ചെയ്യാതെയും കൂടിയാലോചനകൾ നടത്താതെയും സപ്ലൈ ഓർഡർ നല്കി.

4) ഓർഡർ ചെയ്ത ഉപകരണം തന്നെയാണ് സപ്ലൈ ചെയ്തതെന്ന് ഉറപ്പാക്കാതെ വിതരണം നടത്തി.
മേൽക്കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 342474/- രൂപ തടസ്സപ്പെടുത്തുന്നു. ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ഒരു വീൽചെയർ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടുകൂടി വിതരണം നടത്തുന്നതിന് വേണ്ട മേൽനടപടികൾ സ്വീകരിക്കുകയോ KSIEയ്ക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 1-19 8 കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് ഡ്രൈവർമാർക്ക് റ്റി.എ. നല്കിയത്

1. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ ദിനവേതനാടിസ്ഥാനത്തിൽ ഡ്രൈവർ ആയി ജോലി ചെയ്യുന്ന ശ്രീ. ഷിജു, സ്ഥിരം ഡ്രൈവർ ആയ ശ്രീ. മധു. റ്റി.സി.എന്നിവർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ 8 കിലോമീറ്റർ ചുറ്റളവിൽ വാഹനം ഓടിയിട്ടുള്ള ദിവസങ്ങളിലേക്ക് 125/- രൂപ നിരക്കിൽ റ്റി.എ. നല്കിയിരിക്കുന്നതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കളക്ടേറ്റിലേക്കുള്ള യാത്ര, പുന്നപ്ര തുടങ്ങിയ 8 കി.മീ താഴെ ദൂരമുള്ള സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തതിനാണ് ടി.എ. അനുവദിച്ചിരിക്കുന്നത്. കെ.എസ്.ആർ. വാല്യം-1, പാർട്ട്-2, ചട്ടം-57 പ്രകാരം ആസ്ഥാനത്തുനിന്നും 8 കിലോമീറ്ററിൽ അധികരിക്കുന്ന യാത്രകൾക്ക് മാത്രമാണ് ടി.എ. നല്കാവുന്നത്.

1. ശ്രീ. ഷിജു, (KL 04 AK 7700)

| വൗച്ചർ നം./ ചെക്ക് നം./തുക | നല്കിയ തുക | ലോക്കൽ ട്രിപ്പുകൾ ഓടിയിട്ടുള്ള ദിവസങ്ങൾ | | | | ആകെ ട്രിപ്പുകൾ |
|---|---|---|---|---|---|---|
| 2870024/1.7.20/ 133005/- | 7000/- | 6.3.20<br>7.3.20<br>8.3.20<br>10.3.20<br>13.3.20<br>14.3.20<br>25.3.20 | 1.4.20<br>2.4.20<br>3.4.20<br>5.4.20<br>6.4.20<br>8.4.20<br>9.4.20<br>11.4.20<br>13.4.20<br>15.4.20<br>21.4.20 | 11.5.20<br>14.5.20<br>16.5.20<br>21.5.20<br>22.5.20<br>30.5.20 | 1.6.20<br>2.6.20<br>3.6.20<br>10.6.20<br>11.6.20<br>22.6.20<br>23.6.20 | 32 |

| | | | | | | |
|---|---|---|---|---|---|---|
| | | | 30.4.20 | | | |
| 2870087/12.11.20/<br>5520/- | 5520/- | 1.7.20<br>2.7.20<br>8.7.20<br>9.7.20<br>14.7.20<br>21.7.20<br>22.7.20<br>27.7.20<br>28.7.20<br>30.7.20 | 1.8.20<br>11.8.20<br>12.8.20<br>19.8.20<br>22.8.20<br>24.8.20<br>28.8.20 | 6.9.20<br>9.9.20<br>11.9.20<br>14.9.20<br>16.9.20<br>22.9.20<br>30.9.20 | 3.10.20<br>7.10.20<br>8.10.20<br>10.10.20<br>13.10.20<br>20.10.20<br>21.10.20<br>25.10.20 | 32 |

2. ശ്രീ. മധു.റ്റി.സി. (KL 04 AC 9090)

| വൗച്ചർ നം./ ചെക്ക് നം./തുക | നല്കിയ തുക | ലോക്കൽ ട്രിപ്പുകൾ ഓടിയിട്ടുള്ള ദിവസങ്ങൾ | | | | ആകെ ട്രിപ്പുകൾ |
|---|---|---|---|---|---|---|
| ഇല്ല./<br>2975482/22.4.206895/- | 6895/- | 4.11.19<br>5.11.19<br>6.11.19<br>14.11.19<br>16.11.19<br>19.11.19 | 3.12.19<br>7.12.19<br>13.12.19<br>18.12.19<br>19.12.19 | 1.1.20<br>3.1.20<br>4.1.20<br>7.1.20<br>9.1.20<br>15.1.20<br>17.1.20 | 13.2.20<br>17.2.20<br>25.2.20<br>2.3.20<br>5.3.20<br>6.3.20<br>10.3.20<br>12.3.20<br>16.3.20 | 27 |
| 5516841/19.3.21<br>5520/- | 5520/- | 23.12.20<br>1.1.21<br>6.1.21<br>7.1.21<br>12.1.21<br>15.1.21<br>18.1.21<br>21.1.21<br>27.1.21<br>28.1.21<br>30.1.21 | 1.2.21<br>2.2.21<br>5.2.21<br>8.2.21<br>10.2.21<br>12.2.21<br>15.2.21<br>18.2.21<br>20.2.21<br>23.2.21<br>24.2.21 | | | 22 |

ഇപ്രകാരം റ്റി.എ. നല്കിയിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21 /13.5.22) മറുപടി ലഭ്യമാക്കിയില്ല. അർഹമായ യാത്രകൾക്ക് മാത്രം ദിനബത്ത നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-20 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്യ

ടാർ വീപ്പയുടെ വില ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് (അക്കൗണ്ട് നമ്പർ 70601140000014) ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ചെലവഴിച്ച ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | കാരിക്കൽ റോഡ് പുനരുദ്ധാരണം (കാരിക്കൽ മുതൽ മൂത്തശ്ശരി വരെ) | 3540 | വികസന ഫണ്ട് | 9/28-01-20; 450723/- രൂപ |
| 2 | ആദ്യപാഠം റെയിൽവേ ക്രോസ് റോഡ് ടാറിംഗ് | 3835 | വികസന ഫണ്ട് | 13/29-01-20; 500000/-രൂപ |
| 3 | ചള്ളിദാസ് റോഡ് പുനരുദ്ധാരണം | 5015 | വികസന ഫണ്ട് | 7/21-06-19; 520273/- രൂപ |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. പ്രവൃത്തികൾ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15.05.22) മറുപടി ഹാജരാക്കിയില്ല.

## 1-21 അപകട രഹിത-മാലിന്യ രഹിത അമ്പലപ്പുഴ പ്രോജക്ട് അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, 2020-21വർഷം നടപ്പാക്കിയ 'അപകടരഹിത-മാലിന്യരഹിത അമ്പലപ്പുഴ' എന്ന പ്രോജക്ടിൽ (പ്രോജ.നം.57/21) വികസന ഫണ്ട് 2478931/-രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 650000/-രൂപയും ചേർന്ന് ആകെ 3128931/-രൂപ ചെലവായി. എൻ.എച്ച് 66ന്റെ വശങ്ങളിലായി കളർകോട് ജംഗ്ഷൻ മുതൽ തോട്ടപ്പള്ളി കൊട്ടാരവളവ് വരെയുള്ള 19 പോയിന്റുകളിലായി (ഉദ്ദേശം 19km ദൂരം) സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനും ഇവ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലും (പുറക്കാട്, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക്) 2 പോലീസ് സ്റ്റേഷനുകളിലും (പുന്നപ്ര, അമ്പലപ്പുഴ) മോണിറ്റർ ചെയ്യുന്നതിനും അതിലൂടെ അമിത വേഗത-അപകടങ്ങൾ, പൊതു സ്ഥലത്തെ മാലിന്യ നിക്ഷേപം എന്നിവ തടയുന്നതിനുമായാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്ന് കാണുന്നു. പ്രോജക്ടിന്റെ ആസൂത്രണ, നിർവ്വഹണങ്ങളിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു:

1)2019-20 വർഷം പുതിയ പ്രോജക്ടായി എറ്റെടുത്ത അപകടരഹിത-മാലിന്യരഹിത അമ്പലപ്പുഴ പ്രോജക്ടിന് 2019-20 വർഷം വികസനഫണ്ട് (ജനറൽ) വിഹിതം 2478931/-രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 1500000/-രൂപയും (ആകെ 3978931/-രൂപ) വകയിരുത്തിയിരുന്നെങ്കിലും ചെലവ് വന്നിരുന്നില്ല. 20.12.2019-ലെ പ്രത്യേക യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും ഗ്രാമപഞ്ചായത്തുകളിൽ നിന്ന് തുക ലഭിക്കാത്ത സാഹചര്യത്തിൽ ഇ ടെണ്ടർ റദ്ദ് ചെയ്യാനും, മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നത് മൂലം ലഭിക്കുന്ന തുക ഉപയോഗിച്ച് കുറവ് പരിഹരിക്കുന്നതിനും തീരുമാനിച്ചുകാണുന്നു. 2020-21 വർഷം ടി പ്രോജക്ട് അതേ അടങ്കലോടെ നടപ്പാക്കിയെങ്കിലും ചെലവ് വന്നിട്ടുള്ളത് 3128931/-രൂപ ആണ്. വകയിരുത്തിയതിൽ 850000/-രൂപ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിക്കാൻ ബാക്കിയുണ്ടായിരുന്നതായി കാണുന്നു. ടി തുക തുടർ വർഷങ്ങളിലും ലഭ്യമായിട്ടില്ലെന്നാണ് കാണുന്നത്. ഇതിനാൽ നിർവ്വഹണ എജൻസിക്ക് തുക നല്കാൻ അവശേഷിക്കുന്നതായാണ് മനസ്സിലാകുന്നത്.

2)പ്രോജക്ട് നിർവ്വഹിച്ചിട്ടുള്ളത് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്-മുഖേനയാണ്. GO(P)No.77/2019/Fin, 04.07.2019 ഉത്തരവ് പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത് സ്റ്റീൽ സ്ട്രക്ചേഴ്സ്, ഇലക്ട്രോ-മെക്കാനിക്കൽ വർക്സ്, സിവിൽ വർക്സ് എന്നിവയ്ക്കാണ്. സൂചന സർക്കാർ ഉത്തരവിൽ Electro-Mechanical Works എന്നത് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്, All Constructions Having Dominating Content Of Electrical And Mechanical Works Such As Hydro Electrical Projects, Power Plants, Heavy Industrial Structures& Tunnels, Plants&equipment, HVAC, Communications, Building Automation& Fire Systems Etc. എന്നാണ്. എന്നാൽ, നടപ്പാക്കപ്പെട്ട പ്രോജക്ട് IT Works എന്ന വിവക്ഷയിൽ വരുന്നതായാണ് മനസ്സിലാക്കാനാകുന്നത്. Design, Development, Implementation And Management Of Software Applications& Installation Of Computer Hardware, Internet Networking And Related Works എന്ന് നിർവ്വചിക്കപ്പെട്ടിട്ടുള്ള ടി പ്രവർത്തിക്ക് സിൽക്കിന് സാങ്കേതിക ക്ഷമതയുണ്ടായിരുന്നുവോ എന്നത് പരിശോധിക്കപ്പെട്ടതായോ ടി സ്ഥാപനം ഇപ്രകാരമുള്ള പ്രവർത്തികൾ നടത്തിയിരുന്നത് സംബന്ധിച്ച വിവരങ്ങളോ പരിശോധിക്കപ്പെട്ടിട്ടില്ല.

3)ഫയൽ പരിശോധിച്ചതിൽ, മോണിറ്ററിംഗ് ഉപകരണങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്നതായി എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പോലീസ് സ്റ്റേഷൻ അധികൃതരും 12.07.2021, 13.07.2021, 16.09.2021, 17.09.2021 തീയതികളിലായി സാക്ഷ്യപ്പെടുത്തിക്കാണുന്നുണ്ടെങ്കിലും തുടർന്ന്, പ്രവർത്തനത്തിൽ ഇടയ്ക്കിടെ തകരാർ വരുന്നതായി പരാതികളും ലഭിച്ചുകാണുന്നു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, 21.01.2022-ൽ, സി.1174/2021 നമ്പരായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ (തുറവൂർ ആലപ്പുഴ) യൂണിറ്റ് ഹെഡിന് അയച്ച കത്തിൽ തന്നെ 'പദ്ധതി നിലവിൽ ഉപയോഗപ്രദമല്ലാത്ത സ്ഥിതിയാണ്' എന്ന് പരാമർശിച്ച് കാണുന്നുമുണ്ട്. ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള മോണിറ്ററിംഗ് സിസ്റ്റം നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതായിട്ടാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത് എങ്കിലും മോണിറ്ററിംഗ് സിസ്റ്റം കൂടെക്കൂടെ തകരാറിലാകുന്നതായാണ് കാണുന്നത്. ഇത് നിർവ്വഹണ ഏജൻസിയുടെ സാങ്കേതിക പിഴവായാണ് മനസ്സിലാക്കാവുന്നത്.

4)കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1) പട്ടിക 3 പ്രകാരം പൊതുജനാരോഗ്യവും ശുചീകരണവും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ ഉള്ളതാണ്. വകുപ്പ് 172നാലാംപട്ടിക പ്രകാരം വിവക്ഷിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെട്ട് കാണുന്നില്ല.

5)വികസന ഫണ്ട് വിനിയോഗത്തിനുള്ള പദ്ധതി മാർഗ്ഗരേഖകളിലും ഇപ്രകാരമൊരു പദ്ധതി വിവക്ഷിച്ചിട്ടില്ലെന്നാണ് കാണുന്നത്. സവിശേഷ സ്വഭാവമുള്ള ഒരു പ്രോജക്ട് എന്ന നിലയിൽ വികസന ഫണ്ട് വിനിയോഗത്തിനായി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിക്കാണുന്നില്ല.

6)പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ-സ.ഉ(കൈ)11/2018 /ത.സ്വ.ഭ.വ/29.01.2018 ഖണ്ഡിക 3.5.4 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. സംയുക്ത പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് പരസ്പര ധാരണ രൂപപ്പെടുത്തുന്ന വിധത്തിലുള്ള സംയുക്ത യോഗം, ഓരോ സ്ഥാപനത്തിന്റെയും വിഹിതം സംബന്ധിച്ച കരാർ ഉടമ്പടി മുതലായ സുപ്രധാന നടപടികൾ പാലിക്കപ്പെടാതെയാണ് പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പാക്കപ്പെട്ടതെന്ന് കാണുന്നു. ഇത് മൂലമാണ് ഗ്രാമപഞ്ചായത്ത് വിഹിതം നാളിതുവരെ ലഭ്യമാകാത്ത സ്ഥിതി വിശേഷം സംജാതമായിട്ടുള്ളത്.

വികസനഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതിൽ വന്ന വീഴ്ച, ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനപരിധിക്ക് അപ്പുറമുള്ള ഒരു പ്രോജക്ട് എന്ന നിലയിൽ പ്രത്യേക അനുമതി വാങ്ങാതെയുള്ള നിർവ്വഹണം, ഗ്രാമപഞ്ചായത്ത് വിഹിതം ഉറപ്പാക്കുന്നതിൽ വന്ന വീഴ്ച, നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തതിൽ വന്ന പിഴവ് മുതലായവ പ്രോജക്ടിന്റെ ആസൂത്രണ-നിർവ്വഹണങ്ങളിൽ വന്ന അപാകതകളായി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.7/13.05.22) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ, 3128931/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭിക്കുന്നതിന് വിധേയമായി ചെലവ് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

## 1-22 സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു

അരീപ്പുറത്ത് ക്ഷേത്രത്തിന് സമീപം റോഡിനും തോടിനും സംരക്ഷണ ഭിത്തി നിർമ്മാണം, കൊച്ചുപൊഴിത്തോട്-കൈത്തോട് സംരക്ഷണഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. റോഡ് നിർമ്മാണ പ്രവൃത്തിയല്ലാത്തതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1 അനുസരിച്ചുള്ള 247.45/$m^3$ (കോസ്റ്റ് ഇൻഡക്സ് 48.71) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി.

1.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അരീപ്പുറത്ത് ക്ഷേത്രത്തിന് സമീപം റോഡിനും തോടിനും സംരക്ഷണ ഭിത്തി നിർമ്മാണം, |
| പ്രോജക്ട് നമ്പർ | S0083/21 |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ബൈജു.വി |
| അളവ് പുസ്തകം | 2/20-21 |
| ചെലവ് വിവരം | ബിൽ നമ്പർ 13/23-09-20; 494575/- |
| എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ച തുക | 33.84m$^3$ @ 553.17 = 18719 + 2246 (12% Gst ) = 20965/- |
| അനുവദനീയമായ നിരക്ക് | 33.84m$^3$ @ 247.45 = 8374+ 1005(12% Gst )= 9379/- |
| അധികം നൽകിയത് | 11586/- |

2.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കൊച്ചുപൊഴിത്തോട്- കൈത്തോട് സംരക്ഷണം |
| പ്രോജക്ട് നമ്പർ | S0083/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ബൈജു.വി |
| അളവ് പുസ്തകം | 4/20-21 |
| ചെലവ് വിവരം | ബിൽ നമ്പർ 15/11-11-209; 499137/- |
| എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ച തുക | 36.824m$^3$ @ 553.17 = 20370 + 2444 (12% Gst ) = 22814/- |
| അനുവദനീയമായ നിരക്ക് | 36.824m$^3$ @ 247.45 = 9112+ 1094 (12% Gst) = 10206/- |
| അധികം നൽകിയത് | 12608/- |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15.05.2022) മറുപടി ഹാജരാക്കിയില്ല.

## 1-23 നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

ഒരു പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കി (മിനിമം 1000 പരമാവധി 25000) കരാർ വെക്കുവാൻ അനുവദിക്കാവുന്നതാണ്. (PWD മാനുവൽ ഖണ്ഡിക 2009-6). താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അമ്പലപ്പുഴ ബ്ളോക്ക് പരിധിയിലെ സ്കൂളുകൾക്ക് സാനിട്ടറി കോംപ്ലക്സ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0035/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മെട്രോ അസോസിയേറ്റ്സ് |
| സെലക്ഷൻ നോട്ടീസ് നമ്പർ ,തീയതി | E1/234/2019 തീയതി 22-11-19 |

| | |
|---|---|
| കരാറുകാരൻ കൈപ്പറ്റിയ തീയതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ വെക്കേണ്ടതീയതി | 04-12-19 |
| കരാർ വെച്ച തീയതി | 31-12-19 |
| കരാർ നമ്പർ | 09/AE/AMB/19-20 തീയതി 31-12-19 |
| കരാർ തുക | 1224270 |
| ഈടാക്കേണ്ട ഫൈൻ @1% | 12243 |
| ചെലവു വിവരം | ബിൽ നമ്പർ 12/09-09-20; 190416/-<br>ബിൽ നമ്പർ 06-17-04 -20; 754904/- |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.05.22) മറുപടി ഹാജരാക്കിയില്ല.

## 1-24 പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം - പൊതു സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പകരം വ്യക്തിഗതമായ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് അറവുകാട് പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം |
| പ്രോജക്റ്റ് നമ്പർ | S0074/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സമസ്യ. എം |
| അളവു പുസ്തകം | 06/19-20, 03/18-19 |
| ചെലവു വിവരം | ബിൽ നമ്പർ 04/25-04-19; 337273/-<br>ബിൽ നമ്പർ 21/03-02-21; 826990/- |

A)പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് അറവുകാട് പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം (S0074/19) എന്ന പ്രോജക്റ്റിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 50% ലധികവും പട്ടികജാതി വിഭാഗക്കാരാണ്. മേൽ പ്രവൃത്തിയിൽ വ്യക്തിഗതമായി വീടുകളുടെ ബൗണ്ടറി റബിൾ ഉപയോഗിച്ച് നിർമ്മിച്ചുകൊടുക്കുകയും കോമ്പൗണ്ട് ഗ്രാവൽ ഫില്ല് ചെയ്തു കൊടുക്കുന്ന ഇനങ്ങൾക്കായാണ് 11.64 ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലിന്റെ ഭാഗമായി വാസയോഗ്യമായ ഭവനം സ്വന്തമായി നൽകുക, കുടിവെള്ള ലഭ്യത, വൈദ്യുതി. ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ, മറ്റുപൊതു സൗകര്യങ്ങൾ, ഊർജ്ജസംരക്ഷണം, പാരമ്പര്യേതര ഊർജ്ജ ഉത്പാദനം, ശുചിത്വമുള്ള പരിസരം എന്നിവ ഉറപ്പുവരുത്തുകയാണ് 13-ാം പഞ്ച വത്സര പദ്ധതിയുടെ ലക്ഷ്യം. 50% ലധികം പട്ടികജാതി വിഭാഗക്കാരുള്ള പ്രദേശത്ത് പൊതു സൗകര്യങ്ങൾക്ക് കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത എന്നിവയ്ക്കാണ് SCP വിഹിതം വകയിരുത്തേണ്ടത്. ഇതിന് പകരം വ്യക്തികൾക്ക് ബൗണ്ടറി കരിങ്കല്ല് ഉപയോഗിച്ച് നിർമ്മിച്ചുകൊടുക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത് മേൽപ്പറഞ്ഞതിന് വിരുദ്ധമാണ്.

B)ടി പദ്ധതിയിൽ ബൗണ്ടറി നിർമ്മിച്ചിരിക്കുന്നത് DRMasonary, RR Masonary യിലുമാണ്. RR Masonary ചെയ്യതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 5cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. (മറ്റു പ്രവൃത്തികളിൽ ഈയിനത്തിനുള്ള നിരക്കിൽ നിന്നും 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ തുക കുറവു ചെയ്തതിനുശേഷമുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത്.) RR Masonaryയുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇൻഡക്സ് 54.9% | 50.47776 |
| | 142.4222 (Say 142.22/$m^3$) |

ടി പ്രവൃത്തിയിൽ RR Masonary 79.80 $M^3$ ചെയ്യതിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി 11365/- (79.80 @142.22/m3) അധികം നൽകാനിടയായി. ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

C)ബൗണ്ടറി നിർമ്മിക്കുന്നതിന്റെ ഒന്നാം ഇനം എർത്ത് വർക്ക് എക്സ്കവേഷനാണ്. ഈയിനം 72.63 $M^3$ ചെയ്തിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് എസ് സി കുടുംബങ്ങളുടെ കോമ്പൗണ്ട് നിരപ്പാക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ അളവ്, യാർഡ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവു ചെയ്യണമെന്ന് എസ്റ്റിമേറ്റിൽ തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ യാർഡ് ഫില്ലിംഗിന് വേണ്ടി വന്ന ഗ്രാവലിന്റെ അളവിൽ നിന്നും ഇത് കുറവു വരുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

ഫില്ലിംഗിന് ഉപയോഗിച്ച കുഴിച്ചെടുത്ത മണ്ണ് കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 406.330 $M^3$<br>(-) 20% കൺസോളിഡേഷൻ 81.266<br>325.06 $M^3$<br>325.06 $M^3$ @1152.56 = 374651.15/- |
| കുഴിച്ചെടുത്ത മണ്ണ് കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകിയത് | 72.63 $M^3$ @1152.56 = 83710/- |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

D)SCDO യുടെ AB 282/18 -ാം നമ്പർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം കോളനിയിലുള്ള 52 കുടുംബങ്ങളുടെ പേരു വിവരം സർട്ടിഫിക്കറ്റിനോടൊപ്പം അനുബന്ധമായി നൽകിയിട്ടുണ്ട്. ഇതിൽ 27 കുടുംബങ്ങളാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടത്. എന്നാൽ ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്നവരുടെ വീടുകൾക്കും ബൗണ്ടറി നിർമ്മിച്ചു നൽകിയതിന് താഴെപ്പറയുന്ന ഇനങ്ങൾ ചെയ്യതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | എർത്ത് വർക്ക് എക്സ്കവേഷൻ ($M^3$) | D/R Masonary ($M^3$) | RR Masonary | 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ($M^3$) | യാർഡ് ഫില്ലിംഗ് ($M^3$) |
|---|---|---|---|---|---|---|
| 1 | പത്മകുമാരി | 4.67 | 4.67 | 3.87 | 0.69 | 19.45 |

| | | | | | | |
|---|---|---|---|---|---|---|
| 2 | പുരുഷൻ | 7.07 | 7.07 | 7.35 | 1.06 | 16.004 |
| 3 | മായ ബിജു | 2.83 | 2.83 | 2.61 | 0.44 | 15.89 |
| 4 | ലക്ഷ്മി | 9.13 | 9.13 | 8.55 | 1.59 | 15.661 |
| 5 | ഭാർഗ്ഗവി | 4.83 | 4.83 | 6.94 | 1.16 | 23.738 |
| 6 | മേരി | 0.16 | 0.16 | 4.79 | 0.81 | 12 |
| 7 | തങ്കമ്മ | 2.66 | 2.66 | 3.9 | 0.80 | 14.76 |
| 8 | സാബു | 1.27 | 1.27 | 0.84 | 0.5 | 15.566 |
| | | 32.62$m^3$ | 32.62$m^3$ | 38.85$m^3$ | 7.05$m^3$ | 133.069$m^3$ |

ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എർത്ത വർക്ക് എക്സ്കവേഷൻ ($M^3$) | 32.62$m^3$@ 257.75 = 8408 |
| D/R Masonary | 32.62$m^3$ @2973 = 96979 |
| RR Masonary | 38.85$m^3$ @5441.26 = 211393 |
| 1:2:4 സിമന്റ് കോൺക്രീറ്റിംഗ് | 7.05$m^3$ @8491.54 = 59865 |
| യാർഡ് ഫില്ലിംഗ് | 133.069$m^3$<br>(-) 20% കൺസോളിഡേഷൻ - 26.614<br>106.455 $M^3$<br>106.455 @ 1152.56/m3 = 122696 |
| ആകെ | 499341 |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ വീടുകൾക്കും ബൗണ്ടറി നിർമ്മിച്ചു നൽകിയതിന് ചെലവഴിച്ച 499341/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

E)മേരി എന്നയാളുടെ ബൗണ്ടറി നിർമ്മിക്കുന്നതിന് എർത്ത് വർക്ക് എക്സ്കവേഷനും DRMasonaryയും ചെയ്തിരിക്കുന്നത് 1.95 മീറ്റർ നീളത്തിലാണ്. എന്നാൽ RR Masonary, 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് എന്നിവ ഈ നീളത്തിന് പുറമേ 38.10 (19.95 +18.25) മീറ്ററിലും ചെയ്തിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| എർത്ത് വർക്ക് എക്സ്കവേഷനും | 1.95 X0.40 X0.20<br>= 0.16 $M^3$ |
| DRMasonary | 1.95 X0.40 X0.20<br>= 0.16 $M^3$ |
| RR Masonary | 19.95 X0.40<br>X0.30 = 2.40 M3<br>1.95 X0.40 X0.20<br>= 0.16 $M^3$<br>18.25 X0.40 X<br>0.30 = 2.19 $M^3$<br>4.79 $M^3$ |
| 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് | 19.95 X0.40<br>X0.05= 0.40$m^3$<br>1.95 X0.40 X0.05<br>= 0.04 $M^3$<br>18.25 X0.40 X<br>0.05 = 0.37$m^3$<br>0.84 $M^3$ |

എർത്ത് വർക്ക് എക്സ്കവേഷനും DRMasonaryയും ചെയ്തിരിക്കുന്നത് 1.95 മീറ്റർ നീളത്തിലായതിനാൽ RR Masonary, 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് എന്നിവയും അനുവദിക്കാവുന്ന അളവ് 1.95 മീറ്ററിന്റേതാണ്. അധികം കാണിച്ചിരിക്കുന്ന അളവിന്റെയും തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| RR Masonary | 19.95 X0.40 X0.30 = 2.40 M3<br>18.25 X0.40 X 0.30 = 2.19 $M^3$<br>$4.63m^3$ | 4.63 @5441.26 = 25194 |
| 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് | 19.95 X0.40 X0.05= $0.40m^3$<br>18.25 X0.40 X 0.05 = $0.37m^3$<br>0.80 $M^3$ | 0.80 @8491.54 = 6793 |
| ആകെ | | 31987 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.05.22) മറുപടി ഹാജരാക്കിയില്ല. ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെ തുക അനുവദിച്ചു

ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിലെ ഫില്ലിംഗ് പ്രവൃത്തിക്ക് (Construction Of Embankment With Materials Obtained From Borrow Pits) ഗ്രാവൽ ഉപയോഗിച്ചതിന്റെ അളവ് ടേപ്പ് മെഷർമെന്റിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ അളവിൽ നിന്നും കൺസോളിഡേഷന് 10% കുറവു ചെയ്യാതെ തുക അനുവദിച്ചു നൽകിയത് അധികം നൽകാനിടയാക്കി. അളവ് പുസ്തകത്തിൽ കൺസോളിഡേഷൻ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (മറ്റു പ്രവൃത്തികളിൽ 10% കുറവു ചെയ്തതിന് ശേഷമേ തുക അനുവദിച്ചിട്ടുള്ളൂ). വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ഫില്ലിംഗ് അളവും അനുവദിച്ച തുകയും | അളവു പുസ്തകം | കുറവ് ചെയ്യേണ്ടിയിരുന്ന അളവും തുകയും | ചെലവു വിവരം |
|---|---|---|---|---|---|---|
| 1. | ചെന്നക്കൽ മഠം - അരിപ്പച്ചിറ റോഡ് മെറ്റലിംഗും ടാറിംഗും S0042/20 | ഷൈജു. എസ് | 79.20 $M^3$<br>77.25 $M^3$ @1083.84/$m^3$ 83727/- | 18/19-20 | 7.92 $M^3$<br>കുറവു ചെയ്തത് -1.95 M3<br>ബാക്കി -5.97 $M^3$ @ .1083.84/$m^3$ = 6471 + 777 (12% Gst) =7248 | 17/ 06-01-21 രൂപ 483859/- |
| 2. | കൊടക്കാട് കുന്നക്കാട് റോഡ് കോൺക്രീറ്റിംഗ് S0040/20 | ഇസ്മയിൽ | 32.603 $M^3$ @1022.81/m3 = 33347/- | 1/20-21 | 3.2603 @1022.81/m3 = 3335 + 400 (12% Gst) = 3735 | 07/ 25-06-20 രൂപ 494672/- |
| 3 | കരിയിൽച്ചിറ - പുതുശ്ശേരി റോഡ് S0012/21 | നൗഷാദ് | 13.95 $M^3$ @1022.81/$m^3$ = 14268/- | 26/20-21 | 1.395 M3 @1022.81/$m^3$ = 1427 + 171 (12% Gst) =1598 | 27/ 25-03-21 രൂപ 495981/- |
| 4 | പി. എൻ പണിക്കർ സ്മാരക യു.പി സ്കൂൾ മുതൽ കുഞ്ചൻ | നൗഷാദ് | 83.59 $M^3$ | | 8.359 $M^3$ @1012.05/$m^3$ = 8460 + 1015 (12% | 03/ 17-04-20 |

| | | | | | | |
|---|---|---|---|---|---|---|
| | നമ്പ്യാർ സ്മാരക സ്മൃതി മണ്ഡപം വരെയുള്ള റോഡ് നിർമ്മാണം S0102/20 | | @1012.05/$m^3$ = 84597/- | | Gst) =9475 | രൂപ 427553/- |
| 5 | പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റിലേക്കുള്ള റോഡ് കോൺക്രീറ്റിംഗ്, വശം മറക്കലും ഘടക സ്ഥാപനങ്ങളുടെ സംരക്ഷണ ഭിത്തിയുടെ ഉയരം വർദ്ധിപ്പിക്കലും S0091/21 | അശോക് കുമാർ | 30.74 $M^3$ @1083/$m^3$ = 33291/- | 9/20-21 | 3.074 M3 @1083/$m^3$ = 3329 + 400 (12% Gst) =3729 | 16/ 24-11-20 രൂപ 250000/- |
| | ആകെ | | | | 25785 | |

അധികം നൽകാനിടയായ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.11/15.05.22, 18/19.05.22, 23/20.05.22) മറുപടി ഹാജരാക്കിയില്ല.

## 1-26 ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പി.എൻ പണിക്കർ സ്മാരക യു.പി സ്കൂൾ മുതൽ കുഞ്ചൻ നമ്പ്യാർ സ്മാരക സ്മൃതി മണ്ഡപം വരെയുള്ള റോഡ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | S0102/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | നൗഷാദ് |
| അളവു പുസ്തകം | 08/19-20 |
| ചെലവു വിവരം | 03/17-04-20; 427553/- |

ബി) മേൽ പ്രവർത്തിയിൽ 374.86 M2 റോഡ് ടാർ ചെയ്തിട്ടുണ്ടെങ്കിലും കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.മേൽപ്പറഞ്ഞ അളവിൽ ടാറിംഗ് നടത്തുന്നതിന് ആവശ്യമായ SS1, RS1, ബിറ്റുമിൻ എന്നിവയുടെ അളവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൈം കോട്ട് SS1 | 374.86 $M^2$ @ 0.85kg/$m^2$ = 319 Kg |
| ടാക്ക് കോട്ട് RS1 | 374.86 $M^2$ @0.225 =85 Kg |
| ചിപ്പിംഗ് കാർപെറ്റ് ബിറ്റുമിൻ | 374.86 $M^2$ @1.460 = 547 Kg |
| സീൽ കോട്ട്ബിറ്റുമിൻ | 374.86 $M^2$ @ 0.65 = 244 Kg |

മേൽപ്പറഞ്ഞ അളവിൽ സാധനങ്ങൾ ഉപയോഗിക്കുമ്പോൾ വരുന്ന ടാർവീപ്പയുടെ എണ്ണം 7 ആണ്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. ഇതനുസരിച്ച് 1967/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.05.22) മറുപടി ഹാജരാക്കിയില്ല.

## 1-27 ആദായ നികുതി ഈടാക്കിയതിൽ കുറവ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പ്രീമെട്രിക് ഹോസ്റ്റൽ മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0113/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മെട്രോ അസോസിയേറ്റ്സ് |
| അളവു പുസ്തകം | 9/20-21 |

| | |
|---|---|
| ചെലവു വിവരം | ബിൽ നമ്പർ 02/17-04-20; 356730/-രൂപ |

മേൽ പ്രവൃത്തിക്ക് കരാർ വെച്ചിരിക്കുന്നത് മെട്രോ അസോസിയേറ്റ്സ്, സ്ഥാപനമായതിനാൽ ബില്ലിൽ നിന്നും ഈടാക്കേണ്ടുന്ന ആദായ നികുതിയുടെ നിരക്ക് 2% ആണ് (ആദായ നികുതി നിയമം 194 C). എന്നാൽ ഈടാക്കിയത് 1% നിരക്കിൽ. ഈടാക്കിയതിൽ കുറവു വന്ന ആദായ നികുതിയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 356730 |
| ഈടാക്കേണ്ടുന്ന ആദായ നികുതി @2% | 7135 |
| ഈടാക്കിയത് @1% | 3567 |
| കുറവ് | 3568 |

കുറവു വന്ന 3568/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായതി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.05.22) മറുപടി ഹാജരാക്കിയില്ല.

## 1-28 പി.എച്ച്.സി-കളിലെ കോവിഡ് രോഗികൾക്കായി പൾസ് ഓക്സി മീറ്റർ പ്രോജക്ട് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹിച്ച, പി.എച്ച്.സി-കളിലെ കോവിഡ് രോഗികൾക്കായി പൾസ് ഓക്സി മീറ്റർ എന്ന പ്രോജക്ടിൽ (പ്രോജ.നം.100/21) തനത് ഫണ്ടിൽ നിന്ന് 19663/-രൂപ ചെലവായിട്ടുണ്ട്.

(ട്രഷറി ബിൽ റഫ.നം.2003910001200048/21.10.20)

1)കാരുണ്യ ഫാർമസി, വണ്ടാനം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയതായാണ് കാണുന്നത്. തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തുകാണുന്നതും ടി സ്ഥാപനത്തിലേക്കാണ്. എന്നാൽ 15000/-രൂപയിൽ അധികരിച്ചിട്ടുള്ള ടി ചെലവിന് കൊട്ടേഷൻ ക്ഷണിച്ച് കാണുന്നില്ല. ടി സ്ഥാപനം കോവിഡ് അടിയന്തിര സാഹചര്യത്തിൽ ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്താവുന്ന സ്ഥാപനമാണോ എന്നത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. അടിയന്തിര സാഹചര്യം മുൻനിർത്തി വാങ്ങൽ നടത്തിയതായാണ് മറുപടി നല്കിയിട്ടുള്ളത്.

2)24 പൾസ് ഓക്സിമീറ്ററും ഒരു തെർമൽ സ്കാനറും വാങ്ങിയതായാണ് സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയിസ് പ്രകാരം (ഇൻവോയിസ് നം.48289/16.10.20) കാണുന്നത്. ക്യാഷ് രസീത് ഫയലിൽ ഇല്ല. ഇവ സ്റ്റോക്കിൽ എടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3)ആകെ 20 പൾസ് ഓക്സിമീറ്ററുകൾ വിവിധ സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ഉണ്ട്. അവശഷിക്കുന്ന 4 പൾസ് ഓക്സിമീറ്റർ (625/-രൂപ നിരക്കിലുള്ളത്), തെർമൽ സ്കാനർ (2280/-വിലയുള്ളത്) ഇവയുടെ വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല. നാല് ഓക്സിമീറ്ററുകൾ വിതരണം ചെയ്യാതെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായും, തെർമൽ സ്കാനർ ഓഫീസിൽ സൂക്ഷിച്ചുവരുന്നതായുമാണ് മറുപടി നല്കിയിട്ടുള്ളത്.

വിതരണം ചെയ്യാതെ നാല് ഓക്സിമീറ്ററുകൾ അവശേഷിക്കുന്നതിൽ നിന്ന്, ആവശ്യകത കൃത്യമായി നിർണ്ണയിക്കപ്പെടാതെയാണ് ക്വട്ടേഷൻ നടപടികൾ പോലും കൂടാതെ, വാങ്ങൽ നടന്നത് എന്ന് കാണുന്നു. ഉപയോഗിക്കപ്പെടാതെ വന്ന ഓക്സിമീറ്ററുകളുടെ വില 2500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവ പുനർ വിതരണം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.4/20-21/12.05.22).

## 1-29 കോവിഡ് 19ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് വാട്ടർപ്യൂരിഫയറും അനുബന്ധ സാധനങ്ങളും അപാകതകൾ

കോവിഡ് 19 ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് വാട്ടർപ്യൂരിഫയറും അനുബന്ധ സാധനങ്ങളും പ്രോജക്ടിൽ (പ്രോജ.നം.95/21) വികസന ഫണ്ട് (ജനറൽ) 123900/-രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ റഫ.നം. 2006016301460055781/25.9.20) പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1)തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ സ.ഉ(സാധാ)നം.1382/2020/തസ്വഭവ, തീയതി 21.07.2020 ഉത്തരവ് പ്രകാരം കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ(CFLTC)സ്ഥാപിക്കാനും അവയുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഉള്ളത്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഇത് സംബന്ധിച്ച ചുമതല ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിന് നല്കുന്ന പക്ഷം മാത്രമാണ് ടി ഇനത്തിനായി ബ്ലോക്ക് പഞ്ചായത്തിന് തുക ചെലവഴിക്കാൻ

അനുമതിയുള്ളത്. പ്രോജക്ടിൽ വാട്ടർ പ്യൂരിഫയർ നല്കപ്പെട്ട സി.എഫ്.എൽ.ടി.സി പ്രവർത്തിച്ചിട്ടുള്ളത് പറവൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജ് ലേഡീസ് ഹോസ്റ്റലിൽ ആയിരുന്നു എന്നാണ് കാണുന്നത് (പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 09.09.2020ലെ A2-4618/2020നമ്പർ കത്ത്).

2)പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള മേൽ സൂചിപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പ്രോജക്ട് എടുത്തിട്ടുള്ളതെന്ന് കാണുന്നു. ഇത് സംബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയോ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യസ്ഥാപനത്തിന്റെ അധികൃതരുടെയോ ആവശ്യം ഉണ്ടായിരുന്നതായി കാണുന്നില്ല.

3)11.09.20 ലെ അടിയന്തിര കമ്മറ്റി തീരുമാനം2 (3) പ്രകാരം 14.09.20 ൽ സി100/20 നമ്പർ ലിമിറ്റഡ് ക്വട്ടേഷൻ പരസ്യം പുറപ്പെടുവിച്ചതായി ഫയലിൽ കാണുന്നു. ടി ക്വട്ടേഷൻ പകർപ്പിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും തുറന്ന് പരിശോധിക്കുന്ന തീയതിയുമായി 22.02.20-എന്ന കഴിഞ്ഞുപോയ തീയതിയാണ് ആവർത്തിച്ച് കാണിച്ചിട്ടുള്ളത്. ഇത് ക്വട്ടേഷൻ യഥാർത്ഥത്തിൽ പ്രസിദ്ധീകരിച്ചുവോ എന്ന് സന്ദേഹം ജനിപ്പിക്കുന്നതാണ്. ക്വട്ടേഷൻ പരസ്യം എവിടെയെല്ലാം പ്രസിദ്ധീകരിച്ചു/എതെല്ലാം സ്ഥാപനങ്ങളിലാണ് പരസ്യം പതിക്കപ്പെട്ടത്, എന്നതിന് രേഖകൾ ഉള്ള പക്ഷം ഹാജരാക്കേണ്ടതാണ്.

4)ക്വട്ടേഷനുകൾ പരിശോധിച്ച് കുറഞ്ഞ തുക (123900/-) ക്വോട്ട് ചെയ്ത പോസിബിൾ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നു. ടി സ്ഥാപനം Cape Hostel Punnapra North-ൽ 23.09.2020-ൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതായും മെഡിക്കൽ ഓഫീസർ, പുന്നപ്ര നോർത്ത് ഫാമിലി വെൽഫെയർ സെന്റർ -സാക്ഷ്യപ്പെടുത്തിക്കാണുന്നു (പൊസിബിൾ സൊല്യൂഷൻസിൽ നിന്നുള്ള ഇൻവോയിസ് നം.ginv10/20-21/23.9.20), എന്നാൽ ടി സ്ഥാപനത്തിൽ നിന്നുള്ള പൂരിപ്പിക്കാത്ത കരാർപത്രത്തിന്റെ തീയതി 24.09.20-ആണ് (നമ്പർ20530-33), കരാർ യഥാസമയം, യഥാക്രമം, ചമയ്ക്കാതെയാണ് പ്രവർത്തിക്ക് സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്ന് കാണുന്നു.

വാട്ടർ പ്യൂരിഫയറിന്റെ സ്റ്റോക്ക് വിവരം, ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലല്ലാത്ത സ്ഥലത്ത് സ്ഥാപിച്ച പ്യൂരിഫയർ സി.എഫ്.എൽ.ടി.സി- പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തിരികെ എടുത്തിട്ടുണ്ടോ, നിലവിലുള്ള അവസ്ഥ എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.6/20-21/12.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 123900/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം-അപാകതകൾ

സെക്രട്ടറി നിർവ്വഹിച്ച, ശാസ്ത്രീയ നാടൻ കലാരൂപങ്ങളുടെ പരിശീലനം എന്ന പ്രോജക്ടിൽ (പ്രോജ.നം.42/21) 200000/-രൂപ തനത് ഫണ്ട് പിൻവലിച്ച് വജ്രജൂബിലി ഫെലോഷിപ്പിന്റെ ഭാഗമായി, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാ)977/2020/ത.സ്വ.ഭ.വ, 26.5.20-പ്രകാരം) ചുവടെ ചേർക്കുന്ന കലാകാരന്മാർക്ക് ഓണറേറിയം നല്കിയിട്ടുണ്ട്.

1.പാർവ്വതി എസ്.ദാസ്, മോഹിനിയാട്ടം

2.അഭിലാഷ്.എച്ച്, ശില്പകല

3.സജു.ആർ.കൃഷ്ണൻ, ചിത്രരചന

4.രഞ്ജിത് രാജു.എം.ആർ, പാക്കനാർതുള്ളൽ

എ) സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഫയൽ പരിശോധിച്ചതിൽ തൻവർഷം ആകെ 200000/-രൂപ ഓണറേറിയം നല്കിയിട്ടുണ്ട്. അവസാനമായി തുക നല്കിയിട്ടുള്ളത് 2020 ഡിസംബർ, 2021ജനുവരി മാസങ്ങളിലെ ആണ് എന്ന് പ്രോസീഡിംഗ്സിൽ പരാമർശിച്ച് കാണുന്നു (പ്രോസീഡിംഗ്സ് നം.സി175/03/21/12/25.3.21) പ്രോസീഡിംഗ്സിലെ ജനുവരി 2021, ഫെബ്രുവരി 2021 എന്നീ കാലയളവുകൾ തിരുത്തിയാണ് ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നത്. സാംസ്കാരിക വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ ജനുവരി 2021 വരെയുമാണ് ഉള്ളത്. ഇതനുസരിച്ച് 04/2020 മുതൽക്കുള്ള ഓണറേറിയം മാത്രമാണോ നല്കിയിട്ടുള്ളത്, ഇതിന് മുമ്പുള്ള കാലയളവുകളിൽ (1/2020-3/2020) ഓണറേറിയത്തിന് അർഹതയുണ്ടായിരുന്നില്ലേ, കുടിശ്ശിക നിലനില്പുണ്ടോ എന്നിവയിൽ വ്യക്തതയില്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കുന്നതിനാൽ കുടിശ്ശിക നിലനിൽക്കുന്നില്ലെന്നാണ് അറിയിച്ചത്, എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുത്ത് വരുന്നതും ബ്ലോക്ക് പഞ്ചായത്തിൽ തുടർന്ന് വരുന്നതുമായ ഒരു പദ്ധതിയാണ് ഇത് എന്നതിനാൽ ടി കലാകാരന്മാരുടെ സേവനം തുടർന്ന് വന്നിരുന്നതാണെന്നാണ് മനസ്സിലാക്കാനാകുന്നത്. ടി വിഷയത്തിൽ സർക്കാർ നിർദ്ദേശം തേടേണ്ടതുണ്ട്.

ബി)കലാകാരന്മാരുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ഇവർ സേവനം അനുഷ്ഠിച്ച തീയതി, ക്ലാസ്സ് നടന്ന സ്ഥലം, കലാകാരന്മാരുടെ സേവനത്തിന്റെ ഗുണഭോക്താക്കളായവരുടെ/പഠിതാക്കളുടെ, വിവരം മുതലായ ചെലവിന്

ഉപോത്ബലകമായ മറ്റ് വിശദാംശങ്ങൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. ടി വിഷയത്തിലെ അവ്യക്തതകൾ പരിഹരിക്കേണ്ടതും ചെലവ് രേഖകൾ തൃപ്തികരമായി സൂക്ഷിക്കേണ്ടതും പ്രോജക്ട് കാര്യക്ഷമമായി നടക്കുന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.2/20-21)

## 1-31 പി.എം.എ.വൈ ജനറൽ-ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശഷിക്കുന്നവ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പി.എം.എ.വൈ ജനറൽ പ്രോജക്ടിൽ (പ്രോജ.നം.4/21) വിവിധ ഫണ്ടുകളിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം ആകെ 1830000/-രൂപ ചെലവ് വന്നിട്ടുണ്ട് (പ്രോജക്ട് അടങ്കൽ 3380000/-)

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 500000 | 691438/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 980000 | 988562/- |
| ജില്ലാ പഞ്ചായത്ത് | 700000 | 150000/- |

തൻവർഷം (2020-21) ആനുകൂല്യം ലഭിച്ച 15 ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന 5 പേർ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നാണ് ഫയൽ പരിശോധിച്ചതിൽ കാണുന്നത്-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുമതി | 306000 |
| 2 | ഷീല ഷിബു | 306000 |
| 3 | രണീഷ് മോൻ | 330000 |
| 4 | ദീപ്തി | 330000 |
| 5 | പുഷ്കരൻ | 330000 |

രണീഷ് മോൻ മൂലയിൽ, ദീപ്തി നന്ദനം, പുഷ്കരൻ മാലപ്പറമ്പിൽ എന്നീ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇവർക്ക് നല്കാൻ ശേഷിക്കുന്നത് ഗ്രാമപഞ്ചായത്ത് വിഹിതം 70000/-രൂപ വീതമാണെന്നും മറുപടി ലഭിച്ചു. ടി ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാവുന്നതാണ്.

ശേഷിക്കുന്ന ഗുണഭോക്താക്കളായ സുമതി തെക്കേച്ചിറ, ഷീല ഷിബു എന്നിവർ വീട് പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതാണെന്നും ഈ വീടുകളിൽ വി.ഇ.ഒ-മാരും ഹൌസിംഗ് എക്സ്റ്റൻഷൻ ഓഫീസറും ഭവന സന്ദർശനം നടത്തി അടിയന്തിരമായി പണി പൂർത്തീകരിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. ഭവന നിർമ്മാണ പുരോഗതി വിലയിരുത്തി തുടർ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. (ഓഡിറ്റ് എൻക്വയറി നം.5/20-21)

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ വില മുതൽക്കൂട്ടിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പ്രീമെട്രിക് ഹോസ്റ്റൽ മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0113/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | മെട്രോ അസോസിയേറ്റ്സ് |
| അളവ് പുസ്തകം | 9/20-21 |
| ചെലവ് വിവരം | ബിൽ നമ്പർ 02/17-04-20 രൂപ 356730/- |

മേൽ പ്രവൃത്തിയിൽ റൂഫ് ട്രസ് മാറ്റി പുതിയത് നിർമ്മിച്ചിട്ടുണ്ട്. അസിസ്റ്റൻ എഞ്ചിനീയർ തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് പ്രകാരം ഡിസ്മാന്റിൽ ചെയ്ത പഴയ ഷീറ്റുകളും പർലിനുകൾക്കും കൂടി 7030/- രൂപയുടെ മൂല്യം

കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇത് ലേലം ചെയ്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/20.05.22) മറുപടി ഹാജരാക്കിയില്ല. എന്നാൽ ഡിസ്മാന്റിൽ ചെയ്ത പഴയ ഷീറ്റുകളും പർലിനുകളും ഹോസ്റ്റൽ വാർഡൻ വിൽപ്പന നടത്തിയെന്നും എന്നാൽ തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടില്ലെന്നും ആയത് ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വാക്കാൽ അറിയിക്കുകയുണ്ടായി. തുക ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന പത്രപ്പരസ്യത്തിനായി ചെലവഴിച്ച തുകയിൽ നിന്നും സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)1/2011/ ഐ. അന്റ് പി.ആർ.ഡി./4.1.2011 പ്രകാരമുള്ള 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ദിനപ്പത്രം | ബിൽ നം. | GST കുറച്ചുള്ള തുക |
|---|---|---|---|---|---|
| 1 | 2200014/22.9.20 | 13104/-<br>(ചെക്ക് നം. 2870058/17.9.20-14924/-) | മാതൃഭൂമി | 321000031215/26.8.20 | 12480/- |

ട്രേഡ് ഡിസ്കൗണ്ട് 1872/- (12480x15%) ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/13.5.22) മറുപടി ലഭ്യമാക്കിയില്ല. തുക ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 MGNREGS ന വേണ്ടി ടാക്സി കാർ വാടക നല്കിയത്

വൗച്ചർ നം.22000093/15.9.20 ചെക്ക് നം. 2870045/12.8.20 – തുക 8550/-

MGNREGS ആവശ്യത്തിനായി സെക്രട്ടറി 3.6.20, 5.6.20, 10.6.20 തീയതികളിലേക്ക് ടാക്സി കാർ ഓടിയതിനായി ശ്രീ. സത്യരാജ് എന്ന വ്യക്തിക്ക് 5250/- രൂപ (1750X3)നല്കിയിട്ടുണ്ട് (KL 04 AE 5628). എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വാഹനമായ KL04AC 9090 മേൽ ദിവസങ്ങളിൽ ഈ ആവശ്യത്തിനായിത്തന്നെ ഓടിയിട്ടുള്ളതായി ലോഗ് ബുക്ക് പ്രകാരം കാണുന്നു.

കൂടാതെ സാമ്പത്തികവർഷത്തെ മറ്റു ദിവസങ്ങളിലെല്ലാം GNREGS ആവശ്യത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനമാണ് ഓടിയിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/13.5.22) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് വാഹനം ഉള്ളതിനാലും മേൽ ദിവസം ലോഗ് ബുക്ക് പ്രകാരം ഈ ആവശ്യത്തിനായിത്തന്നെ ഓടിയിട്ടുള്ളതിനാലും വാഹനം വാടകയ്ക്കെടുത്തതിന്റെ ആവശ്യകത വ്യക്തമാക്കാത്തതിനാലും ചെലവ് തുക നിരാകരിക്കുന്നു.

### 3-3 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -സ്രോതസ്സിൽ നിന്നും നികുതി ഈടാക്കാത്തത് സംബന്ധിച്ച്

താഴെപ്പറയുന്ന വിവിധ പ്രോജക്ടുകൾക്കായി പെട്ടിയും പറയും മോട്ടോർ എന്നിവ വാങ്ങിയിട്ടുണ്ട്. ഈ ബില്ലുകളിൽ നിന്നും 2017 ലെ CGST Act/SGST Act ലെ സെക്ഷൻ 51(1), സർക്കാർ ഉത്തരവ് (അച്ചടി) നം.87/2017/തസ്വഭവ., തീ.01.11.2017 എന്നിവ പ്രകാരം 2.50 ലക്ഷം രൂപയിൽ അധികരിച്ച വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി.യും 1% ആദായനികുതിയും ഈടാക്കിയതായി കാണുന്നില്ല. എല്ലാ വാങ്ങലുകളും മണ്ണാശ്ശേരിൽ ഫൗണ്ടറി, തലയോലപ്പറമ്പ്.പി.ഒ., വൈക്കം എന്ന സ്ഥാപനത്തിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. (GSTIN/UIN – 32ACOPA8464G1ZM).

1) പ്രോജക്ട് നം. 18/20-21 (New) – അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പാടശേഖര സമിതികൾക്ക് Vertical Axil Flow Pump വാങ്ങൽ

അടങ്കൽ - 5000000/- (വികസനഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 4835000/-

| ക്രമ നം. | ട്രഷറി ബിൽ നം./ തുക | ഇൻവോയ്സ് നം./തീയതി | വാങ്ങിയ മോട്ടോറിന്റെ HP | GST ഒഴികെയുള്ള തുക | ഈടാക്കേണ്ട നികുതി (2%) | ഇൻകം ടാക്സ് (1%) |
|---|---|---|---|---|---|---|
| 1 | CB.3/01.02.21 - 1200000/- | 026/27.1.21 | 50 | 1071430/- | 21428/- | 10714/- |
| 2. | CB.4/01.02.21-945000/- | 027/27.1.21 | 30 | 843750/- | 16875/- | 8437/- |
| 3 | CB.5/24.02.21 - 890000/- | 035/19.2.21 | 25 | 794643/- | 15892/- | 7946/- |
| 4 | CB.6/24.02.21-600000/- | 034/19.2.21 | 15 | 535715/- | 10714/- | 5357/- |
| 5 | CB.7/ 24.02.21 - 600000/- | 032/18.2.21 | 15 | 535715/- | 10714/- | 5357/- |
| 6 | CB.8/24.02.21-600000/- | 031/18.2.21 | 15 | 535715/- | 10714/- | 5357/- |
| | | | | | 86337/- | 43168/- |

2) പ്രോജക്റ്റ് നം. 56/20-21 (SO) – അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പാടശേഖര സമിതികൾക്ക് പെട്ടിയും പറയും മോട്ടോർ എന്നിവ വാങ്ങൽ

അടങ്കൽ -3369800/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 3369800/-

| ക്രമ നം. | ട്രഷറി ബിൽ നം./ തുക | ഇൻവോയ്സ് നം./തീയതി | വാങ്ങിയ മോട്ടോറിന്റെ HP | GST ഒഴികെയുള്ള തുക | ഈടാക്കേണ്ട നികുതി (2%) | ഇൻകം ടാക്സ് (1%) |
|---|---|---|---|---|---|---|
| 1. | CB.1/13.05.20-507000/- | 014/7.1.20 | 50* | 482855/- | 9657/- | 4828/- |
| 2 | CB.2/13.05.20 - 507000/- | 021/27.1.20 | 50* | 482855/- | 9657/- | 4828/- |
| 3 | CB.16/21.4.20 - 247000/- | 024/27.1..20 | 15* | 247000/- | 0 | |
| 4 | CB.17//21.4.20 - 414950/- | 028/14.2.20 | 30 | 395191/- | 7904/- | 3951/- |

| | | | | | | |
|---|---|---|---|---|---|---|
| 5 | CB.18//21.4.20 - 492000/- | 025/12.2.20 | 50** | 468572/- | 9371/- | 4685/- |
| 6 | CB.19//11.5.20 - 492000/- | 026/12.2.20 | 50** | 468572/- | 9371/- | 4685/- |
| 7 | CB.20//21.4.20 - 294900/- | 027/12.2.20 | 25 | 230858/- | 4617/- | 2308/- |
| 8 | CB.21//21.4.20 - 414950/- | 035/18.3.20 | 30 | 395191/- | 7904/- | 3951/- |
| | | | | | 58481/- | 29236/- |

ഇരു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/20-21/19.5.22) മറുപടി ലഭ്യമാക്കിയില്ല. റ്റി.ഡി.എസ്. 144818/- രൂപയും ആദായ നികുതി 72404/- രൂപയും ഈടാക്കി സർക്കാരിലേക്ക് അടവാക്കുകയോ നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

* 2019-20 ലെ നം. 28/19-20 (New) എന്ന പ്രോജക്റ്റ് 2020-21 ൽ പ്രോജക്റ്റ് നം. 56/20-21 (സ്പിൽ ഓവർ) ആയാണ് പൂർത്തിയാക്കിയത്.

26.8.19 ൽ 10 ഗുണഭോക്താക്കൾക്കായി പെട്ടിയും പറയും മോട്ടോറും വാങ്ങുന്നതിനായി ലഭിച്ച 2 ക്വട്ടേഷനുകളിൽ കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങിയതിന് 50 HP യ്ക്ക് 507000/- രൂപയും 20 HPയ്ക്ക് 307900/- രൂപയും 15 HP യ്ക്ക് 247000/- രൂപയുമാണ് നല്കിയിട്ടുള്ളത്.

**എന്നാൽ കേവലം 4 മാസങ്ങൾക്ക് ശേഷം 6 ഗുണഭോക്താക്കൾക്കായി പെട്ടിയും പറയും മോട്ടോറും വാങ്ങുന്നതിനായി ലഭിച്ച ക്വട്ടേഷൻ അംഗീകരിച്ച് സാധനങ്ങൾ വാങ്ങിയതിന് 50 HP യ്ക്ക് 414950/- രൂപയും 20 HPയ്ക്ക് 281000/- രൂപയും 15 HP യ്ക്ക് 219900/- രൂപയും മാത്രമാണ് ചെലവായിട്ടുള്ളത്.

ഇരു സംബന്ധിച്ച് നേരിട്ട് അന്വേഷിച്ചതിൽ ഉപകരണത്തിനായി കുറഞ്ഞ നിരക്കിലെ ക്വട്ടേഷൻ ലഭ്യമാക്കിയ അച്ഛന്റെയും മകന്റെയും സ്ഥാപനങ്ങൾ മാത്രമാണ് കേരളത്തിൽ ഈ ഉപകരണം നിർമ്മിക്കുന്ന ഏക നിർമ്മാതാക്കൾ എന്നും സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ ഇവരിൽ നിന്നുമാണ് സാധനങ്ങൾ ലഭ്യമാക്കുന്നതെന്നുമാണ് ലഭ്യമായ വിവരം. സർക്കാർ അക്രഡിറ്റഡ് ഏജൻസികളുടെ നിരക്കും ജില്ലാതല യൂണിറ്റ് കോസ്റ്റും ഇതിലും വളരെക്കൂടുതലായാണ് കാണുന്നത്. ആയതിനാൽ ആദ്യം ക്വട്ടേഷൻ ലഭ്യമായപ്പോൾ നെഗോഷ്യേറ്റ് ചെയ്യാതിരുന്നതുമൂലമാണ് ഇത്രയും തുക അധികം നല്കാൻ ഇടയായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-4 ടാർ വീപ്പയുടെ വില കുറവു ചെയ്തില്ല- നഷ്ടം 1967/-രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പി. എൻ പണിക്കർ സ്മാരക യു.പി സ്കൂൾ മുതൽ കുഞ്ചൻ നമ്പ്യാർ സ്മാരക സ്മൃതി മണ്ഡപം വരെയുള്ള റോഡ് നിർമ്മാണം |
| പ്രോജക്റ്റ് നമ്പർ | S0102/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | നൗഷാദ് |
| അളവു പുസ്തകം | 08/19-20 |
| ചെലവു വിവരം | 03/17-04-20; 427553/-രൂപ |

ബി) മേൽ പ്രവർത്തിയിൽ 374.86 $M^2$ റോഡ് ടാർ ചെയ്തിട്ടുണ്ടെങ്കിലും കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അളവിൽ ടാറിംഗ് നടത്തുന്നതിന് ആവശ്യമായ SS1, RS1, ബിറ്റുമിൻ എന്നിവയുടെ അളവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൈം കോട്ട് SS1 | 374.86 $M^2$ @ 0.85kg/$m^2$ = 319 Kg |
| ടാക്ക് കോട്ട് RS1 | 374.86 $M^2$ @0.225 =85 Kg |
| ചിപ്പിംഗ് കാർപെറ്റ് ബിറ്റുമിൻ | 374.86 $M^2$ @1.460 = 547 Kg |
| സീൽ കോട്ട്ബിറ്റുമിൻ | 374.86 $M^2$ @ 0.65 = 244kg |

മേൽപ്പറഞ്ഞ അളവിൽ സാധനങ്ങൾ ഉപയോഗിക്കുമ്പോൾ വരുന്ന ടാർവീപ്പയുടെ എണ്ണം 7 ആണ്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. ഇതനുസരിച്ച് 1967/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.05.22) മറുപടി ഹാജരാക്കിയില്ല.

## 3-5 കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്യാതെ തുക അനുവദിച്ച നഷ്ടം -25785/- രൂപ

ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിലെ ഫില്ലിംഗ് പ്രവൃത്തിക്ക് (Construction Of Embankment With Materials Obtained From Borrow Pits) ഗ്രാവൽ ഉപയോഗിച്ചതിന്റെ അളവ് ടേപ്പ് മെഷർമെന്റിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ അളവിൽ നിന്നും കൺസോളിഡേഷന് 10% കുറവ് ചെയ്യാതെ തുക അനുവദിച്ച നൽകിയത് അധികം നൽകാനിടയാക്കി. അളവ് പുസ്തകത്തിൽ കൺസോളിഡേഷൻ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (മറ്റു പ്രവൃത്തികളിൽ 10% കുറവ് ചെയ്തതിന് ശേഷമേ തുക അനുവദിച്ചിട്ടുള്ളു). വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ഫില്ലിംഗ് അളവും അനുവദിച്ച തുകയും | അളവു പുസ്തകം | കുറവ് ചെയ്യേണ്ടിയിരുന്ന അളവും തുകയും | ചെലവു വിവരം |
|---|---|---|---|---|---|---|
| 1. | ചെന്നക്കൽ മഠം - അരിപ്പുച്ചിറ റോഡ് മെറ്റലിംഗും ടാറിംഗും S0042/20 | ഷൈജു. എസ് | 79.20 $M^3$<br>77.25 $M^3$ @1083.84/$m^3$ 83727/- | 18/19-20 | 7.92 $M^3$<br>കുറവു ചെയ്തത് -1.95 $M^3$<br>ബാക്കി -5.97 $M^3$ @.1083.84/$m^3$ = 6471 + 777 (12% Gst) =7248 | 17/ 06-01-21 രൂപ 483859/- |
| 2. | കൊടക്കാട് കുന്നക്കാട് റോഡ് കോൺക്രീറ്റിംഗ് S0040/20 | ഇസ്മയിൽ | 32.603 $M^3$ @1022.81/m3 = 33347/- | 1/20-21 | 3.2603 @1022.81/m3 = 3335 + 400 (12% Gst) = 3735 | 07/ 25-06-20 രൂപ 494672/- |
| 3 | കരിയിൽച്ചിറ - പുതുശ്ശേരി റോഡ് S0012/21 | നൗഷാദ് | 13.95 $M^3$ @1022.81/$m^3$ = 14268/- | 26/20-21 | 1.395 M3 @1022.81/$m^3$ = 1427 + 171 (12% Gst) =1598 | 27/ 25-03-21 രൂപ 495981/- |
| 4 | പി. എൻ പണിക്കർ സ്മാരക യു.പി സ്കൂൾ മുതൽ കുഞ്ചൻ നമ്പ്യാർ | നൗഷാദ് | 83.59 $M^3$ | | 8.359 $M^3$ | 03/ 17-04-20 |

| | | | | | | |
|---|---|---|---|---|---|---|
| | സ്മാരക സ്മൃതി മണ്ഡപം വരെയുള്ള റോഡ് നിർമ്മാണം S0102/20 | | @1012.05/m3 = 84597/- | | @1012.05/m3 = 8460 + 1015 (12% Gst) =9475 | രൂപ 427553/- |
| 5 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിലേക്കുള്ള റോഡ് കോൺക്രീറ്റിംഗ്, വശം മറക്കലും ഘടക സ്ഥാപനങ്ങളുടെ സംരക്ഷണ ഭിത്തിയുടെ ഉയരം വർദ്ധിപ്പിക്കലും S0091/21 | അശോക് കമാർ | 30.74 M3 @1083/m3 = 33291/- | 9/20-21 | 3.074 M3 @1083/m3 = 3329 + 400 (12% Gst) =3729 | 16/ 24-11-20 രൂപ 250000/- |
| | ആകെ | | | | 25785 | |

അധികം നൽകാനിടയായ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.11/15.05.22, 18/19.05.22, 23/20.05.22) മറുപടി ഹാജരാക്കിയില്ല.

## 3-6 പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം - അധികം ചെലവഴിച്ചത് 95075/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് അറവുകാട് പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം |
| പ്രോജക്റ്റ് നമ്പർ | S0074/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സമസ്യ. എം |
| അളവു പുസ്തകം | 06/19-20, 03/18-19 |
| ചെലവു വിവരം | ബിൽ നമ്പർ 04/25-04-19; 337273/- രൂപ<br>ബിൽ നമ്പർ 21/03-02-21; 826990/- രൂപ |

A)പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് അറവുകാട് പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം (S0074/19) എന്ന പ്രോജക്ടിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 50% ലധികവും പട്ടികജാതി വിഭാഗക്കാരാണ്. മേൽ പ്രവൃത്തിയിൽ വ്യക്തിഗതമായി വീടുകളുടെ ബൗണ്ടറി റബിൾ ഉപയോഗിച്ച് നിർമ്മിച്ചുകൊടുക്കുകയും കോമ്പൗണ്ട് ഗ്രാവൽ ഫില്ല് ചെയ്തു കൊടുക്കുന്ന ഇനങ്ങൾക്കായാണ് 11.64 ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നത്.

എ)ടി പദ്ധതിയിൽ ബൗണ്ടറി നിർമ്മിച്ചിരിക്കുന്നത് DRMasonary, RR Masonary യിലുമാണ്. RR Masonary ചെയ്തതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 5cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുടെ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. (മറ്റു പ്രവൃത്തികളിൽ ഈയിനത്തിനുള്ള നിരക്കിൽ നിന്നും 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ തുക കുറവു ചെയ്തതിനുശേഷമുള്ള നിരക്കാണ്

അനുവദിച്ചിരിക്കുന്നത്) RR Masonaryയ്ക്കുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇൻഡക്സ് 54.9% | 50.47776 |
| | 142.4222 (Say 142.22/$m^3$) |

ടി പ്രവൃത്തിയിൽ RR Masonary 79.80 $M^3$ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി 11365/- (79.80 @142.22/$m^3$) അധികം നൽകാനിടയായി.

ബി)ബൗണ്ടറി നിർമ്മിക്കുന്നതിന്റെ ഒന്നാം ഇനം എർത്ത് വർക്ക് എക്സ്കവേഷനാണ്. ഈയിനം 72.63 $M^3$ ചെയ്തിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് എസ് സി കുടുംബങ്ങളുടെ കോമ്പൗണ്ട് നിരപ്പാക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ അളവ്, യാർഡ് ഫില്ലിംഗിന്റെ അളവിൽ നിന്നും കുറവു ചെയ്യണമെന്ന് എസ്റ്റിമേറ്റിൽ തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ യാർഡ് ഫില്ലിംഗിന് വേണ്ടി വന്ന ഗ്രാവലിന്റെ അളവിൽ നിന്നും ഇത് കുറവു വരുത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

ഫില്ലിംഗിന് ഉപയോഗിച്ച കുഴിച്ചെടുത്ത മണ്ണ് കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 406.330 $M^3$<br>(-) 20% കൺസോളിഡേഷൻ 81.266<br>325.06 $M^3$<br>325.06 $M^3$ @1152.56 = 374651.15/- |
| കുഴിച്ചെടുത്ത മണ്ണ് കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകിയത് | 72.63 $M^3$ @1152.56 = 83710/- |

അധികം ചെലവഴിക്കാനിടയായ 95075/- (11365+83710) തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.05.22) മറുപടി ഹാജരാക്കിയില്ല.

## 3-7 സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു

അരീപ്പറത്ത് ക്ഷേത്രത്തിന് സമീപം റോഡിനും തോടിനും സംരക്ഷണ ഭിത്തി നിർമ്മാണം, കൊച്ചുപൊഴിത്തോട്-കൈത്തോട് സംരക്ഷണഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. റോഡ് നിർമ്മാണ പ്രവൃത്തിയല്ലാത്തതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1 അനുസരിച്ചിട്ടുള്ള 247.45/$m^3$ (കോസ്റ്റ് ഇൻഡക്സ് 48.71) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി.

1.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അരീപ്പുറത്ത് ക്ഷേത്രത്തിന് സമീപം റോഡിനും തോടിനും സംരക്ഷണ ഭിത്തി നിർമ്മാണം, |
| പ്രോജക്റ്റ് നമ്പർ | S0083/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ബൈജു.വി |
| അളവു പുസ്തകം | 2/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 13/23-09-20 494575/-രൂപ |
| എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ച തുക | 33.84m$^3$ @ 553.17 = 18719 + 2246 (12% Gst) = 20965/- |
| അനുവദനീയമായ നിരക്ക് | 33.84m$^3$ @ 247.45 = 8374+ 1005 (12% Gst )= 9379/- |
| അധികം നൽകിയത് | 11586/- |

2.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കൊച്ചുപൊഴിത്തോട്-കൈത്തോട് സംരക്ഷണം |
| പ്രോജക്റ്റ് നമ്പർ | S0083/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ബൈജു.വി |
| അളവു പുസ്തകം | 4/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 15/11-11-2019; 499137/- |
| എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ച തുക | 36.824m$^3$ @ 553.17 = 20370 + 2444 (12% Gst ) = 22814/- |
| അനുവദനീയമായ നിരക്ക് | 36.824m3 @ 247.45 = 9112+ 1094 (12% Gst)= 10206/- |
| അധികം നൽകിയത് | 12608/- |

മേൽപ്പറഞ്ഞ 24194/-(11586+12608) രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15.05.22) മറുപടി ഹാജരാക്കിയില്ല.

## 3-8 ആദായ നികുതി ഈടാക്കിയതിൽ കുറവ്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പ്രീമെട്രിക് ഹോസ്റ്റൽ മെയിന്റനൻസ് |
| പ്രോജക്റ്റ് നമ്പർ | S0113/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മെട്രോ അസോസിയേറ്റ്സ് |
| അളവു പുസ്തകം | 9/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 02/17-04-20; 356730/- രൂപ |

മേൽ പ്രവൃത്തിക്ക് കരാർ വെച്ചിരിക്കുന്നത് മെട്രോ അസോസിയേറ്റ്സ്, സ്ഥാപനമായതിനാൽ ബില്ലിൽ നിന്നും ഈടാക്കേണ്ടുന്ന ആദായ നികുതിയുടെ നിരക്ക് 2% ആണ് (ആദായ നികുതി നിയമം 194 C). എന്നാൽ ഈടാക്കിയത് 1%

നിരക്കിൽ . ഈടാക്കിയതിൽ കുറവ് വന്ന ആദായ നികുതിയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 356730 |
| ഈടാക്കേണ്ടുന്ന ആദായ നികുതി @2% | 7135 |
| ഈടാക്കിയത് @1% | 3567 |
| കുറവ് | 3568 |

കുറവ് വന്ന 3568/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.05.22) മറുപടി ഹാജരാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ്* |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | പി.എം.എ.വൈ | 150000 | 584210 |
| ഗ്രാമ പഞ്ചായത്ത് | 2020-21 | 500000 | പി.എം.എ.വൈ | 500000 | 2273664 |

*മുന്നിരിപ്പ് തുക

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 10000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2018-19 | 1-12 | 10000 | KM Technologies | ബാങ്കിലേക്ക് അടച്ചത് (14.09.2020) |
| | ആകെ തുക: | 10000 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50218556 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51036467 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7030/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 154143/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4960952/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7030/- | | വി.ജെ ജോസഫ്, സെക്രട്ടറി |
| 3-1 | | 1872/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 3-2 | | 5250/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 3-4 | | 1967/- | നിധിൻ.കെ.എം, അസി.എഞ്ചിനീയർ |
| 3-5 | | 25785/- | 18537/-നിധിൻ.കെ.എം, അസി.എഞ്ചിനീയർ<br>7248/-ഷാരോൺ സുധാകരൻ, അസി.എഞ്ചിനീയർ |
| 3-6 എ &ബി | | 95075/- | ഷാരോൺ സുധാകരൻ, അസി.എഞ്ചിനീയർ |
| 3-7 | | 24194/- | നിധിൻ.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ, |
| ആകെ | 7030/- | 154143/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 189096/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-16 | 642723/- | ഡോ.കാരൾ പിൻഹെയ്റോ, മെഡിക്കൽ ഓഫീസർ |
| 1-18 | 342474/- | രേഖ.കെ, സി.ഡി.പി.ഒ |
| 1-21 | 3128931/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-24 D &E | 531328/- | ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 2500/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-29 | 123900/- | വി.ജെ ജോസഫ്, സെക്രട്ടറി |
| ആകെ | 4960952/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 217222/- | ഷബീന.എച്ച്., അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 3-8 | 3568/- | നിധിൻ.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ജെ.ജോസഫ്, സെക്രട്ടറി | ബി.ഡി.ഒ, അമ്പലപ്പുഴ | വെളിയിൽ, പുന്നപ്ര.പി. ഒ. |
| നിധിൻ.കെ.എം, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, അമ്പലപ്പുഴ ബ്ലോക്ക് | കോട്ടയ്ക്കകത്ത്, കൊച്ചിയലക്കൽ, മാവേലിക്കര-690101 |
| ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | ടി | പറമ്പിൽ ഹൌസ്, തോണ്ടൻകുളങ്ങര, അവലൂക്കുന്ന്.പി.ഒ |
| ഷബീന.എച്ച്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഓച്ചിറ | പുത്തൻതോപ്പിൽ, എസ്.ആർ.പി.എം, തഴവ, കരുനാഗപ്പള്ളി |
| രേഖ.കെ, സി.ഡി.പി.ഒ | ഐ.സി.ഡി.എസ്, അമ്പലപ്പുഴ | ദിനേശ് ഭവൻ, കലവൂർ.പി.ഒ, ആലപ്പുഴ |
| ഡോ.കാരൾ പിൻഹെയ്റോ, മെഡിക്കൽ ഓഫീസർ | അസിസ്റ്റന്റ് പ്രോഫസർ, ഗവ.മെഡിക്കൽ കോളേജ്, ആലപ്പുഴ | മംഗലത്ത് ഹൌസ്, ഹൌസ് നം.27, നീതിനഗർ, പട്ടത്താനം.പി.ഒ, കൊല്ലം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.എ7/18/00/05.06.00/01.07.2000 |
| 1997-98 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1998-99 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1999-00 | എൽ.എഫ്. 5/ബി.പി.അദാലത്ത്/26/65/14/21.03.14 |
| 2000-01 | എൽ.എഫ്.എ7/130/06/15.06.06/13.09.2006 |
| 2001-02 | എൽ.എഫ്.എ7/131/06/06.06.06/18/07.06 |
| 2002-03 | എൽ.എഫ്.എ7/229/07/09.05.07/04.06.2007 |
| 2003-04 | എൽ.എഫ്.എ7/228/07/16.05.07/04.06.2007 |
| 2004-05 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത് /26(66)/14 /22.03.14 |
| 2005-06 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത്/26 (67)/14/ 22.03.2014 |
| 2006-07 | എൽ .എഫ്. ജി.എ5/ ബി.പി. അദാലത്ത് /26(68)/14/ 22.03.2014 |
| 2007-08 | എൽ. എഫ്.ജി .എ5/ ബി.പി. അദാലത്ത്/ 26(69) /14/ 22.03.2014 |
| 2008-09 | എൽ.എഫ്.എ.ബി.പി.1291/10/31.03.11/30.04.2011 |
| 2009-10 | എൽ.എഫ്.എ.ബി.പി.1292/10/31.03.11/ 30.04.11 |
| 2010-11 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2011-12 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2012-13 & 2013-14 | എൽ.എഫ്.എ.ബി.പി.1478/14/05.12.2014 |
| 2014-15 & 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി- 272/17/ 15.03.2017/28.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി- 1446/17/11.12.2017 /14.12.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി- 235/19/25.05.2019 |

| | |
|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/20/11.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-591/22/14.07.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്